# തിരുഹൃദയ മാസിക
(The Sacred Heart Monthly)

Vol. 78
2013 January

വിശ്വാസ വർഷം

78 Years of Publication

*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Abraham Parambett**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001

## ഈ ലക്കത്തിൽ

- സർക്കുലർ
- വാർത്തകൾ
- ചൈതന്യ ന്യൂസ്
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- തൂവാനീസാ പ്രോഗ്രാം
- ബൈബിൾ കമ്മീഷൻ
- മതബോധന കമ്മീഷൻ
- കെ.സി.വൈ.എൽ.
- കെ.സി.സി.
- കെ.സി.ഡബ്ല്യു.എ.
- ലീജിയൻ ഓഫ് മേരി
- തിരുബാലസഖ്യം
- ചെറുപുഷ്പ മിഷൻലീഗ്
- മലബാർ വാർത്തകൾ
- പിതാക്കന്മാരുടെ ഡയറി

**Engagements**
Mar Mathew Moolakkatt
Mar Joseph Pandarasseril

- വചനദർശനം

## വാർഷിക വരിസംഖ്യ

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No.124
Faith Formation Day
2012

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 25-11-2012

പ്രിയ ബഹു. അച്ചാ,

2012 ഡിസംബർ മാസം 9-ാം തീയതി ഞായറാഴ്ച നമ്മുടെ അതിരൂപത വിശ്വാസ പരിശീലന ദിനമായി ആചരിക്കുകയാണ്. വിശ്വാസ പരിശീലന ശുശ്രൂഷയിൽ അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന എല്ലാ വൈദികരേയും സന്യാസിനികളേയും വിശ്വാസ പരിശീലകരേയും ഈ ദിനത്തിൽ പ്രത്യേകം നന്ദിപൂർവ്വം അനുസ്മരിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്യുന്നു. സാർവ്വത്രികസഭ വിശ്വാസവർഷമായി ആചരിക്കുന്ന ഈ വർഷത്തിൽ നമ്മുടെ അതിരൂപതയിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ ചിന്തിക്കുവാനും വിലയിരുത്തുവാനുമുള്ള അവസരമായി ഈ ദിനാചരണം സഹായിക്കട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

വിശ്വാസ പരിശീലനം സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തമാണ്. തലമുറകളായി നമുക്ക് ലഭിച്ച വിശ്വാസത്തെ അതിന്റെ പൂർണ്ണതയിൽ ഉൾക്കൊണ്ട് വരും തലമുറയ്ക്ക് കൈമാറുവാനുള്ള ഈ ദൗത്യം സഭാംഗങ്ങളെല്ലാവരും ഒത്തുചേർന്ന് നിർവ്വഹിക്കേണ്ടതാണ്. വിശ്വാസ പരിശീലനം വേദപാഠക്ലാസ്സുകളിലെ പാഠ്യപദ്ധതിയിൽ മാത്രം ഒതുക്കേണ്ട കാര്യമല്ല. വിശ്വാസ പരിശീലനത്തിന്റെ ആരംഭം സ്വന്തം ഭവനങ്ങളിലാണ്. മാതാപിതാക്കന്മാരും കുടുംബത്തിലെ മുതിർന്ന അംഗങ്ങളുമാണ് ആദ്യത്തെ അദ്ധ്യാപകർ. വാക്കുകളിലും ചിന്തകളിലും പ്രവർത്തിയിലും വിശുദ്ധി

സൂക്ഷിക്കുന്ന കുടുംബാന്തരീക്ഷത്തിലാവണം കുട്ടികൾ വളർന്നു വരുവാൻ. വിശ്വാസത്തിലും പ്രാർത്ഥനയിലും കാരുണ്യ പ്രവർത്തിയിലും തല്പരരായ മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതമാണ് കുട്ടികൾ സ്വാംശീകരിക്കുന്ന ആദ്യപാഠം എന്ന് മനസ്സിലാക്കിക്കൊണ്ട് കുടുംബത്തിൽ പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും അന്തരീക്ഷം നിലനിർത്തി മാതൃകാപരമായ ജീവിതം നയിക്കുവാൻ മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.

വിശ്വാസ പരിശീലനത്തിൽ മാതാപിതാക്കൾക്കുള്ള താൽപര്യവും കുഞ്ഞുങ്ങൾക്ക് നൽകേണ്ട പ്രോത്സാഹനവും എടുത്തു പറയേണ്ട കാര്യങ്ങളാണ്. ചില മാതാപിതാക്കളുടെയെങ്കിലും ഭാഗത്തുനിന്നുള്ള നിസ്സംഗതയും നിസ്സഹകരണവുമാണ് ഇന്ന് വിശ്വാസപരിശീലന മേഖല നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. പഠനത്തിലും കലാകായിക രംഗത്തും ഒന്നാമതാകുവാൻ വേണ്ടി കുട്ടികളിൽ അമിത സമ്മർദ്ദം ചെലുത്തുകയും തങ്ങളുടെ സമയവും സമ്പത്തും നിർലോഭം അതിനുവേണ്ടി ചെലവഴിക്കുവാൻ മടി കാണിക്കാതിരിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ വിശ്വാസപരിശീലന രംഗത്ത് കുട്ടികൾക്ക് എത്രമാത്രം പ്രോത്സാഹനം നൽകുന്നു എന്ന് ചിന്തിക്കുവാനുള്ള അവസരമായി ഈ ദിനാചരണത്തെ കാണേണ്ടിയിരിക്കുന്നു. സ്കൂളുകളിലെ പഠനത്തിൽ ഉന്നതനിലവാരം പുലർത്തുന്ന കുട്ടികളിൽ ചിലരെങ്കിലും വിശ്വാസപരിശീലന ക്ലാസ്സുകളിൽ ആനുപാതികമായ മികവ് പുലർത്തുന്നില്ലായെന്നത് ഗൗരവമായി കാണേണ്ട യാഥാർത്ഥ്യമാണ്.

വിശ്വാസപരിശീലകർ കുട്ടികൾക്ക് താത്വികമായ അറിവ് മാത്രം നൽകുന്നവരാകാതെ തങ്ങളുടെ വിശ്വാസ ജീവിത അനുഭവത്തിലൂടെ കുട്ടികളെ കൈപിടിച്ച് നയിക്കുന്നവരാകണം. അറിവിന്റെ കൈമാറ്റത്തിനപ്പുറത്ത് അനുഭവത്തിന്റെ കൈമാറ്റമായിരിക്കണം

വിശ്വാസ പരിശീലനത്തിൽ നടത്തേണ്ടത്. കൂദാശകളുടെ പ്രത്യേകിച്ച്, പരി.കുർബാനയുടെ ഓരോ ഭാഗവും വിശദമായി പഠിച്ച് ഓരോ പ്രാർത്ഥനയുടെയും അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും അർത്ഥം വ്യക്തമായി മനസ്സിലാക്കി സജീവമായി പങ്കെടുക്കുവാൻ അവരെ പഠിപ്പിക്കണം. വി.ഗ്രന്ഥവും സഭയുടെ ഔദ്യോഗിക പഠനങ്ങളും വായിക്കുവാനും പഠിക്കുവാനും അവരെ പ്രോത്സാഹിപ്പിക്കണം. ഈ ഭൂമിയിൽ എപ്രകാരം വിശുദ്ധരായി ജീവിക്കുവാൻ സാധിക്കും എന്ന് നമുക്ക് കാണിച്ചുതന്ന വിശുദ്ധരുടെ ജീവിതം പരിചയപ്പെടുവാൻ പ്രത്യേകം ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. "പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണ്" എന്ന വി. യാക്കോബ് ശ്ലീഹായുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് വിശ്വാസപരിശീലനം പ്രായോഗിക തലത്തിൽ എത്തിക്കുവാൻ പരിശ്രമിക്കാം. സമൂഹത്തിലെ കഷ്ടത അനുഭവിക്കുന്നവരെ അടുത്തറിഞ്ഞ് അവരോട് സഹാനുഭൂതി പ്രകടിപ്പിക്കുന്ന സാമൂഹിക പ്രതിബദ്ധതയുള്ള കുട്ടികളായി വളർത്തിയെടുക്കുവാൻ ആവശ്യമായ കർമ്മപദ്ധതികൾ വിശ്വാസപരിശീലനത്തിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

ചെറുപ്രായത്തിൽ ആരംഭിക്കുന്ന വിശ്വാസപരിശീലനം ജീവിതകാലം മുഴുവൻ തുടരേണ്ട ഒരു പ്രക്രിയയാണ്. അറിവിലും പ്രായത്തിലും വളരുന്നതോടൊപ്പം വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടാൻ നമുക്കേവർക്കും ചുമതലയുണ്ട്. നമ്മുടെ വിശ്വാസത്തിന് സഭ കാലാനുസൃതമായി നൽകുന്ന വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും അറിയുവാനും വിശ്വാസത്തെ ജീവിതത്തിന്റെ വഴികാട്ടിയായി നിലനിർത്താനും നാം ശ്രദ്ധാപൂർവ്വം പരിശ്രമിക്കണം. വിശ്വാസ വർഷാചരണത്തിന്റെ ഭാഗമായി രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകളും സാർവ്വത്രികസഭയുടെ മതബോധനഗ്രന്ഥവും ആഴത്തിൽ പഠിക്കുവാൻ ഓരോ കത്തോലിക്കനും ശ്രമിക്കണമെന്ന്

സഭ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വിശ്വാസവഴിയിൽനിന്നു നമ്മെ വ്യതിചലിപ്പിക്കുന്ന അബദ്ധ സിദ്ധാന്തങ്ങളെ തിരിച്ചറിഞ്ഞ് തള്ളിക്കളയാനും സഭയുടെ തണലിൽ വിശ്വാസത്തിലടിയുറച്ചു വളരാനും നമുക്ക് പരിശ്രമിക്കാം. മിശിഹായുടെ ശരീരമാകുന്ന തിരുസഭയിൽ സജീവമായി പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സഭയുടെ പ്രിയമക്കളായി വളരാനും കുഞ്ഞുങ്ങളെ വളർത്താനും നാം ആചരിക്കുന്ന വിശ്വാസ പരിശീലന ദിനം നമ്മെ സഹായിക്കട്ടെ.

നമ്മുടെ അതിരൂപതയിൽ വിശ്വാസപരിശീലന രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന എല്ലാവരേയും നന്ദിയോടെ അനുസ്മരിക്കുന്നു. ഇവരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളോട് മാതാപിതാക്കന്മാരും ഇടവക മുഴുവനും ആത്മാർത്ഥമായി സഹകരിക്കുന്നതുവഴി നമ്മുടെ കുഞ്ഞുങ്ങൾ ദൈവാനുഗ്രഹത്താൽ നിറയട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**✠മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. : ഈ സർക്കുലർ ഡിസംബർ മാസം 9-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വായിച്ചറിയിക്കുകയും ആ ദിവസത്തെ സ്തോത്രക്കാഴ്ച അതിരൂപതയിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾക്കായി അതിരൂപതാ കേന്ദ്രത്തിൽ ഏൽപിക്കേണ്ടതുമാണ്.

Circular No.125
Proposed Caritas
Medical College

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 01 - 12 - 2012

പ്രിയ ബഹു. അച്ചാ,

ദൈവസ്നേഹം നിരന്തരം അനുഭവിക്കുകയും അതു സഹോദരസ്നേഹത്തിലൂടെ പ്രകാശിപ്പിക്കുകയും ചെയ്യുന്നതാണല്ലോ ക്രൈസ്തവജീവിതം. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നില്ല. ദൈവസ്നേഹം പോലെതന്നെ സഹോദരസ്നേഹവും അതിരുകളും അളവുകളും ഇല്ലാത്തതാണെന്ന് നല്ല സമറായന്റെ ഉപമയിലൂടെ ഈശോ നമ്മെ പഠിപ്പിക്കുന്നു.

ആഴമേറിയ ദൈവസ്നേഹത്തിന്റെയും അതിൽനിന്ന് ഉരുത്തിരിയുന്ന സഹോദരസ്നേഹത്തിന്റെയും തുടർക്കഥയാണു ക്നാനായ സമുദായ ചരിത്രം. വിദ്യാഭ്യാസം, ആതുരസേവനം, സാമൂഹ്യ വികസനം തുടങ്ങിയ മേഖലകളിലെ കാലോചിതവും സമൂഹനന്മയ്ക്കും രാഷ്ട്രനിർമ്മിതിയ്ക്കും സഹായകവുമായ വിവിധ പ്രവർത്തനങ്ങളിലൂടെ നമ്മുടെ പിതാക്കന്മാർ നൽകിയ നിരവധിയായ സംഭാവനകളുടെ സൽഫലങ്ങൾ അനുഭവിക്കുന്ന നാം ഈ വഴികളിലുള്ള നിരന്തരവും ത്യാഗപൂർണ്ണവുമായ പ്രവർത്തനങ്ങളിലൂടെ അവരോടുള്ള ആദരവും നന്ദിയും പ്രകടിപ്പിക്കാൻ കടപ്പെട്ടവരാണ്.

ആതുരസേവനരംഗത്ത് അഭിമാനാർഹമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന നമ്മുടെ കാരിത്താസ് ആശുപത്രിയെ ഒരു മെഡിക്കൽ കോളേജായി ഉയർത്തുക എന്നത് ഏറെക്കാലമായി നമ്മുടെ ഏവരുടെയും സ്വപ്നമാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് കുറെക്കാലമായി നിലനിന്നിരുന്ന അനിശ്ചിതത്വവും, ആ സാഹചര്യത്തിൽ ഒരു മെഡിക്കൽ കോളേജായി കാരിത്താസിനെ ഉയർത്താനുള്ള പരിശ്രമങ്ങൾ നമ്മുടെ സ്ഥാപനത്തിന്റെ സൽപ്പേരിനുളവാക്കാൻ സാദ്ധ്യതയുള്ള അപകടങ്ങളും പരിഗണിച്ച് നാം ക്ഷമാപൂർവ്വം മാറി

നിൽക്കുകയായിരുന്നു. എന്നാൽ സഭയുടെ ദീർഘനാളത്തെ പരിശ്രമങ്ങളുടെ ഫലമായി നമ്മുടെ നാടിന്റെ വികസനത്തിൽ എല്ലാവർക്കും പങ്കുചേരാൻ സാധിക്കുന്ന നീതിപൂർവ്വകമായ ഒരവസ്ഥ സംജാതമാക്കുവാൻ കേരളത്തിലെ ഇപ്പോഴത്തെ ഗവൺമെന്റ് എടുത്ത തീരുമാനം നമ്മുടെ ആഗ്രഹം പൂവണിയുവാനുള്ള അവസരം ഒരുക്കിയിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ട് നിയമാനുസൃതം പ്രവർത്തിക്കാനാവശ്യമായ സ്വാതന്ത്ര്യം ലഭിക്കണം എന്ന സഭയുടെ നിരന്തരമായ ആവശ്യത്തിന് ഇപ്പോഴത്തെ സർക്കാർ നൽകിയ അംഗീകാരം മെഡിക്കൽ കോളേജിനായുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുവാൻ നമുക്കു പ്രചോദനം നൽകി. അതനുസരിച്ച് സഭയുടെ പ്രവർത്തനങ്ങളിൽ നാം വിഭാവനം ചെയ്യുന്ന സാമൂഹ്യ വികസന സങ്കൽപങ്ങളെ യാഥാർത്ഥ്യവൽക്കരിക്കുവാൻ നമുക്ക് അവസരം ലഭിച്ചിരിക്കുകയാണ്.

നാമൊരുക്കുന്ന വിദ്യാഭ്യാസ സൗകര്യങ്ങൾ സമുദായത്തിന്റെ വളർച്ചയോടൊപ്പം സമൂഹത്തിലെ നാനാജാതി മതസ്ഥരായ ആളുകൾക്കുകൂടി പ്രയോജനപ്പെടണമെന്നത് നമ്മുടെ സ്ഥിരമായ നയമാണ്. കേരളാ ഗവൺമെന്റ് ക്രൈസ്തവ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഉണ്ടാക്കിയിരിക്കുന്ന പുതിയ കരാർ അനുസരിച്ച് നാം വിഭാവനം ചെയ്യുന്ന മെഡിക്കൽ കോളേജിൽ ആകെയുള്ള നൂറു സീറ്റിൽ 50 സീറ്റുകൾ മെറിറ്റ് സീറ്റാണ്. ഇതിൽ 35 സീറ്റുകൾ ജാതി മതഭേദമന്യേ എല്ലാവർക്കുമായി നൽകപ്പെടുമ്പോൾ 15 സീറ്റുകൾ സ്ഥാപനം നടത്തുന്ന സമൂഹത്തിനുള്ളതാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ചും ആരോഗ്യമേഖലയിൽ ലഭിക്കുന്ന ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് നമ്മുടെ സമുദായത്തിലെ 15 കുട്ടികൾക്ക് മെഡിസിന് ഓപ്പൺ മെറിറ്റിൽ അഡ്മിഷൻ നേടാൻ സാധിക്കും. ഓപ്പൺ മെറിറ്റിൽ പ്രവേശനം ലഭിക്കുന്ന കുട്ടികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി 40 ലക്ഷം രൂപയുടെ സ്കോളർഷിപ്പും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ബാക്കിയുള്ള 50 സീറ്റിൽ 15 സീറ്റുകൾ NRI ക്വോട്ടായാണ്. നമ്മുടെ സമുദായത്തിലെ നല്ലൊരു ശതമാനം ആളുകൾ വിദേശ രാജ്യങ്ങളിലായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ അവർക്ക്

ഈ 15 സീറ്റുകൾ നൽകാൻ സാധിച്ചാൽ അതും സമുദായത്തിന്റെ വളർച്ചയിൽ ഗണ്യമായ പങ്കുവഹിക്കും എന്നതിൽ സംശയമില്ല. ബാക്കിയുള്ള 35 സീറ്റുകൾ വിവിധ വിഭാഗങ്ങൾക്കായി നീക്കി വയ്ക്കുമ്പോൾ അതിൽ നല്ലൊരു പങ്ക് ക്നാനായ സമുദായത്തിലെ കുട്ടികൾക്കായി നീക്കി വയ്ക്കാൻ സാധിക്കും. ഓരോ വിഭാഗ ത്തിനും നീക്കി വയ്ക്കുന്ന സീറ്റുകൾ ആ വിഭാഗത്തിൽ നിന്നുള്ള വരുടെ മെറിറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ നൽകപ്പെടുന്നതിനാൽ അഡ്മിഷൻ ഏറ്റം സുതാര്യവും ആരോപണങ്ങൾക്കതീതവും ആയി നടത്തുവാൻ നമുക്കു സാധിക്കുകയും ചെയ്യും. അതുവഴി കാരി ത്താസിന്റെയും സഭയുടെയും സൽപേരുയർത്തുവാനും നമുക്ക് സാധിക്കും. 15 NRI സീറ്റുകൾ ഒഴികെ ബാക്കി 85 സീറ്റിലും ഇപ്പോൾ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഫീസ് പ്രതിവർഷം മൂന്നേമുക്കാൽ ലക്ഷം രൂപയാണ്.

ഭൂരിഭാഗം ക്നാനായ കുട്ടികൾക്കും മെഡിക്കൽ പ്രവേശനം ഇന്നും ഒരു മരീചികയായി നിലകൊള്ളുന്ന സാഹചര്യത്തിൽ എല്ലാ വർഷവും 15 മുതൽ 40 വരെയോ അതിൽ കൂടുതലോ സീറ്റുകൾ ക്നാനായ സമുദായത്തിൽ നിന്നുള്ള വിദ്യാർത്ഥിനീ വിദ്യാർത്ഥി കൾക്ക് ലഭിക്കാനുള്ള സാദ്ധ്യതയാണ് നമ്മുടേതായ ഒരു മെഡി ക്കൽ കോളേജ് എന്ന ആശയവുമായി മുന്നോട്ടുപോകുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. എന്നാൽ ഇതുൾക്കൊള്ളുന്ന സാമ്പത്തിക ബാദ്ധ്യത പലരിലും ആശങ്ക ഉളവാക്കി. ആവശ്യമായ സ്ഥലം നമുക്ക് ഇപ്പോൾ ഉള്ളതിനാൽ കെട്ടിടങ്ങൾ, ലാബ്രട്ടറി തുടങ്ങിയ വയ്ക്കായി ഇനി 210 കോടി രൂപ ഉണ്ടാകണം. പാസ്റ്ററൽ കൗൺസിലും പ്രെസ്ബിറ്ററൽ കൗൺസിലും ക്നാനായ സമുദായ ത്തിന് സ്വന്തമായ ഒരു മെഡിക്കൽ കോളേജ് എന്ന ആശയവും അതുവഴി സമുദായത്തിനുണ്ടാകാവുന്ന വളർച്ചയും സർവ്വാത്മനാ സ്വാഗതം ചെയ്തെങ്കിലും ഈ വലിയ സാമ്പത്തിക ഭാരം പേറു വാൻ നമുക്കാവുമോ എന്ന ആശങ്കയിൽ സാമ്പത്തിക സാദ്ധ്യതക ളെക്കുറിച്ച് കൂടുതൽ പഠിച്ച ശേഷം മുന്നോട്ടു പോയാൽ മതി എന്നു നിർദ്ദേശിച്ചു.

നമുക്ക് NOC ലഭിച്ച മെഡിക്കൽ കോളേജ് നാം ഉപേക്ഷിച്ചു എന്നൊരു വാർത്ത എപ്രകാരമോ വ്യാപിച്ചതോടെ നമ്മുടെ സമു ദായത്തിന്റെ നാനാതുറകളിൽപ്പെട്ട ധാരാളം ആളുകൾ നേരിട്ടും

കത്തു മുഖേനയും മറ്റുരീതികളിലും എന്നോടു ബന്ധപ്പെടുകയും NOC ലഭിച്ച മെഡിക്കൽ കോളേജ് ഉപേക്ഷിക്കരുതെന്ന് ആവശ്യപ്പെടുകയും ചെയ്തു. നമ്മെ സ്നേഹിക്കുന്ന മറ്റാളുകളും എന്നെക്കണ്ട് കാരിത്താസ് മെഡിക്കൽ കോളേജിനായുള്ള പരിശ്രമങ്ങളുമായി മുന്നോട്ടു പോകണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ ഒക്ടോബർ മാസം 11-ാം തീയതി ചേർന്ന പാസ്റ്ററൽ കൗൺസിൽ മെഡിക്കൽ കോളേജിനാവശ്യമായ സാമ്പത്തിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ കാരിത്താസ് ട്രസ്റ്റ് ചെയർമാനായ അഭിവന്ദ്യ പണ്ടാരശേരിൽ പിതാവിന്റെ നേതൃത്വത്തിൽ ഒരു കമ്മറ്റിയോടാവശ്യപ്പെട്ടു. നമ്മുടെ ആളുകൾ സന്മനസ്സോടെ വിവിധങ്ങളായ ധനസമാഹരണ പാക്കേജുകളിൽ സഹകരിച്ചാൽ സ്വപ്നം യാഥാർത്ഥ്യമാക്കാമെന്ന് കമ്മറ്റി കണ്ടെത്തുകയുണ്ടായി. ഈ പാക്കേജുകൾ ഇതിനോടകം തന്നെ നമ്മുടെ ഫൊറോനാകളിൽ ബഹു. വൈദികരെ വിളിച്ചുകൂട്ടി അഭിവന്ദ്യ പണ്ടാരശ്ശേരിൽ പിതാവ് വിശദീകരിക്കുകയും പാരീഷ് കൗൺസിൽ അംഗങ്ങളെ വിളിച്ചുകൂട്ടി പിതാവുതന്നെ ഇക്കാര്യങ്ങൾ വിശദീകരിക്കണമെന്ന് ബഹു. അച്ചന്മാർ പിതാവിനോട് ആവശ്യപ്പെടുകയും ചെയ്തു. അവരുടെയുംകൂടി അഭിപ്രായം അറിഞ്ഞ ശേഷം മാത്രം ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കാമെന്നാണ് വിചാരിക്കുന്നത്. അതിനു മുമ്പായി ഇതു സംബന്ധമായ വിവരങ്ങൾ എല്ലാവരേയും അറിയിക്കുന്നതിനാണ് ഈ സർക്കുലർ ഞാൻ അയക്കുന്നത്.

ഇപ്പോൾ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്ന കാരിത്താസ് ആശുപത്രിയുടെ സേവനങ്ങളെ മെഡിക്കൽ കോളേജ് പ്രതികൂലമായി ബാധിക്കില്ലെ എന്നൊരു സംശയം ചിലർക്കെങ്കിലുമുണ്ട്. അതിനെപ്പറ്റി വിശദമായി നടത്തിയ പഠനത്തിന്റെ വെളിച്ചത്തിൽ ഈ സംശയം തീർത്തും അടിസ്ഥാനരഹിതമാണ് എന്ന് കണ്ടെത്തുകയുണ്ടായി. ഇപ്പോൾ കാരിത്താസ് ആശുപത്രിയിൽ ലഭിക്കുന്ന സേവനങ്ങളെയൊന്നും മെഡിക്കൽ കോളേജ് സ്പർശിക്കുകയില്ല. കാരണം മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നത് അതിനായി നിർമ്മിക്കേണ്ടിവരുന്ന 500 കിടക്കകളുള്ള വാർഡിലാണ്. ഇപ്പോൾ നമുക്കുള്ള മുറികളോ അതിലെ രോഗികളോ ഒന്നും മെഡിക്കൽ കോളേജിന്റെ പ്രവർത്തനപരിധിയിൽ വരുന്നില്ല. വാർഡുകളിലുള്ള രോഗികളെ മാത്രമാണ് മെഡിക്കൽ വിദ്യാർത്ഥികളും അവ

രുടെ പ്രൊഫസർമാരും സന്ദർശിക്കുന്നത്. മെഡിക്കൽ കോളേജ് വന്നാൽ നമുക്കുള്ള ഒ.പി. വിഭാഗം കൂടുതൽ ഡോക്ടർമാരോടും സൗകര്യങ്ങളോടും കൂടി നവീകരിക്കേണ്ടിവരും. അതിന്റെ നന്മ കാരിത്താസിൽ വരുന്ന എല്ലാവർക്കും ലഭിക്കുകയും ചെയ്യും. തങ്ങളുടെ ആഗ്രഹമനുസരിച്ച് ഇപ്പോഴുള്ള മുറികളിലോ അല്ലെങ്കിൽ മെഡിക്കൽ കോളേജ് വാർഡുകളിലോ രോഗികൾക്ക് പ്രവേശനം നേടാവുന്നതാണ്. കാരിത്താസ് ആശുപത്രിയിൽ പ്രവേശനം നേടുന്നവർക്കെല്ലാം ഇപ്പോൾ ലഭിക്കുന്ന എല്ലാ ശുശ്രൂഷകളും ലഭിക്കുന്നതാണ്.

മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്റെ ആദ്യപടിയായി കമ്മറ്റി ആവശ്യപ്പെട്ടത് കാരിത്താസ് മെഡിക്കൽ കോളേജ് ക്നാനായ സമുദായം അതിന്റെ സ്വന്തമായി കണക്കാക്കണം എന്നതാണ്. കാരണം ഇതു ലക്ഷ്യം വയ്ക്കുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മുടെ സമുദായത്തിന്റെ വലിയ വളർച്ചയാണ്. അതിനാൽതന്നെ ഈ സ്ഥാപനത്തിന്റെ വളർച്ചയിലും ഉയർച്ചയിലും ഓരോ സമുദായാംഗവും അഭിമാനപൂർവ്വം പങ്കുചേരണം. ഇതിനായി കമ്മറ്റി മുമ്പോട്ടുവച്ച വിവിധ മാർഗ്ഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ക്നാനായ സമുദായത്തിലെ ഓരോ കുടുംബവും "കാരിത്താസ് മെഡിക്കൽ കെയർ" പദ്ധതിയിൽ പങ്കുചേരുക എന്നതാണ്. ആർക്കും സാമ്പത്തികനഷ്ടം ഉണ്ടാകാത്തതും എന്നാൽ ആവശ്യനേരത്ത് ഏറ്റവും ഉപയുക്തവുമായ ഈ പദ്ധതി അനുസരിച്ച് സമുദായത്തിലെ ഓരോ കുടുംബവും ഒരു ലക്ഷം രൂപാ എങ്കിലും ആ കുടുംബത്തിന്റെ ആരോഗ്യസുരക്ഷയ്ക്കായി ഈ പദ്ധതിയിൽ നിക്ഷേപിക്കുക. കുടുംബത്തിൽ ആർക്കെങ്കിലും രോഗം വന്നാൽ കാരിത്താസിൽ ചികിത്സ നേടാവുന്നതും ആ ചികിത്സയ്ക്കാവശ്യമായി വരുന്ന തുക നിക്ഷേപത്തിൽ നിന്നും കുറവു ചെയ്യുന്നതുമാണ്. ഇപ്രകാരം തങ്ങൾ നിക്ഷേപിച്ച തുക മുഴുവനായും ആ കുടുംബത്തിന് ഏറ്റം അത്യാവശ്യമായ രോഗാവസ്ഥയിൽ തിരികെ ലഭിക്കുന്നു. വിദേശത്തുള്ളവർക്കും തങ്ങളുടെ മാതാപിതാക്കൾക്കോ സഹോദരങ്ങൾക്കോ വേണ്ടിയും ഈ പദ്ധതിയിൽ പങ്കുചേരാവുന്നതാണ്. ഏതെങ്കിലും മെഡിക്കൽ ഇൻഷ്വറൻസ് ഉള്ളവർക്കും ഈ പദ്ധതി കൂടുതൽ പ്രയോജനപ്രദമാണ്. രോഗം വന്നാൽ ഉടൻതന്നെ ചികിത്സ ലഭിക്കുന്നതും പിന്നീട് ഇൻഷ്വറൻസ് തുക കിട്ടു

മ്പോൾ അത് അവർക്കു തന്നെ ലഭിക്കുന്നതുമാണ്. ക്നാനായ സമുദായത്തിനു പുറത്തുള്ള നമ്മുടെ സുഹൃത്തുക്കൾക്കും ഈ പദ്ധതിയിൽ പങ്കുചേരാവുന്നതും സാമ്പത്തിക ബാദ്ധ്യത ഇല്ലാതെതന്നെ കാരിത്താസ് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിലും അവരുടെ തന്നെ ആരോഗ്യ പരിരക്ഷയിലും പങ്കാളികളാകാവുന്നതാണ്. ഈ പദ്ധതിയിൽ പങ്കാളികളാവുന്നവർക്ക് പ്രോത്സാഹനമായി കാരിത്താസിലെ മുറിവാടകയിൽ നിശ്ചിതശതമാനം ഇളവുകൊടുക്കാമെന്നും നിർദ്ദേശമുണ്ട്.

ഇതിനു പുറമെ മെഡിക്കൽ കോളജിനാവശ്യമായ കെട്ടിടങ്ങൾ, മുറികൾ, ലാബ്രട്ടറികൾ, ലൈബ്രറി, തുടങ്ങി വിവിധ ആവശ്യങ്ങൾ വ്യക്തികൾക്കോ ഇടവകകൾക്കോ സ്ഥാപനങ്ങൾക്കോ സ്പോൺസർ ചെയ്യാവുന്നതാണ്. തങ്ങളുടെ കുട്ടികൾക്കുവേണ്ടി NRI സീറ്റുകൾ അഞ്ചുവർഷത്തെ NRI ഫീസ് ഒന്നിച്ചു നൽകി മാതാപിതാക്കളോ ബന്ധുജനങ്ങളോ മുൻകൂട്ടി ബുക്കുചെയ്യാനുള്ള സാദ്ധ്യതകളും കമ്മറ്റി നിർദ്ദേശിക്കുന്നുണ്ട്. കൂടുതൽ തുക പലിശരഹിത വായ്പയായി നൽകിക്കൊണ്ടും മെഡിക്കൽ കോളേജ് നിർമ്മാണത്തിൽ സന്മനസ്സുള്ള ഏവർക്കും പങ്കു ചേരാവുന്നതാണ്. കൂടുതൽ തുക സംഭാവനയായി നൽകുന്നവരുടെ പേരുകൾ മെഡിക്കൽ കോളേജിൽ ഫലകത്തിൽ എഴുതിവയ്ക്കാനുള്ള സാദ്ധ്യതയും കമ്മറ്റി സൂചിപ്പിക്കുകയുണ്ടായി.

പാവപ്പെട്ടവരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടുമുള്ള പക്ഷംചേരൽ ഏറ്റവും കൂടുതൽ പ്രകടമായി നാം ദർശിക്കുന്നത് അവർക്കായി മെഡിക്കൽ കോളേജിന്റെ ഭാഗമായി നിർമ്മിക്കുന്ന വാർഡുകളിലാണ്. ഇത് ക്നാനായ സമുദായത്തിലെ ഓരോ വ്യക്തിയുടെയും താൽപര്യപൂർവ്വകമായ ജീവകാരുണ്യപ്രവർത്തനത്തിലൂടെ യാഥാർത്ഥ്യമാക്കാനാണ് നാം ആഗ്രഹിക്കുന്നത്. വാർഡുകളിലെ സൗജന്യതാമസം മാത്രമല്ല, ആ വാർഡുകളിൽ നൽകപ്പെടുന്ന സൗജന്യ ചികിത്സയും പാവപ്പെട്ടവരോടുള്ള നമ്മുടെ അനുഭാവപൂർണ്ണമായ സമീപനത്തിന്റെ ഉത്തമ ഉദാഹരണമായിരിക്കും. ഇടവകകൾക്കും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെല്ലാം ത്യാഗമനസ്സോടെ പങ്കുചേരാവുന്ന ഈ യത്നത്തിൽ സർവ്വാത്മനാ പങ്കുചേർന്നുകൊണ്ട് കാരിത്താസ് മെഡിക്കൽ കോളേജിനെ മനുഷ്യസ്നേഹത്തിന്റെ മഹനീയ മാതൃകയായി നിലനിർത്താൻ നമുക്ക് പരിശ്രമിക്കുകയും ചെയ്യാം.

പ്രിയമുള്ളവരേ, കാരിത്താസ് മെഡിക്കൽ കോളേജ് നമ്മുടെ സമുദായത്തിന്റെ സ്വപ്ന സാക്ഷാത്ക്കാരമാണ്. നാമോരോരുത്തരും ആവുംവിധത്തിൽ ഈ ഉദ്യമത്തിൽ പങ്കുചേർന്നുകൊണ്ട് ഈ നേട്ടത്തിൽ ഭാഗഭാക്കുകളാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എനിക്കിനി പഠിക്കാൻ മക്കളില്ല, എന്റെ മക്കളെല്ലാം മറ്റു സ്ഥലങ്ങളിൽ പഠിക്കുന്നവരാണ് തുടങ്ങിയ ചിന്തകൾ ഈ വലിയ ഉദ്യമത്തിൽ പങ്കാളികളാകുന്നതിൽ നിന്ന് നമ്മെ തടയരുത്. നാം ഇന്നെന്തായിരിക്കുന്നുവോ അതിന്റെ അടിസ്ഥാനം നമ്മുടെ പിതാക്കന്മാരുടെ ത്യാഗവും സമർപ്പണവുമാണ് എന്ന ബോധ്യത്തോടെ നാളത്തെ സമൂഹനിർമ്മിതിയിൽ ഔദാര്യത്തോടെ പങ്കുചേരാൻ നമുക്കു ലഭിക്കുന്ന ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താം. ശോഭനമായ ഭാവിയുടെ പ്രകാശപൂർണ്ണമായ വഴിത്താരയിലേയ്ക്ക് ക്നാനായ സമുദായത്തെയും സമൂഹത്തെയും നയിക്കാൻ ത്യാഗമനോഭാവത്തോടെ നമുക്കൊന്നു ചേരാം. ഈ മഹാസംരംഭത്തിന്റെ സാക്ഷാത്ക്കാരത്തിനായി ക്രിയാത്മകമായ നിർദ്ദേശങ്ങളോ അഭിപ്രായങ്ങളോ കത്തു മുഖേനയോ ഇ-മെയിൽ വഴിയോ (carithasmc@gmail.com) അഭിവന്ദ്യ പണ്ടാരശ്ശേരിൽ പിതാവിനെ അറിയിക്കുന്നത് കൂടുതൽ മെച്ചമായ രീതിയിൽ ഈ പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് കമ്മറ്റിയെ സഹായിക്കും. നിങ്ങളുടെ ഏവരുടെയും പ്രാർത്ഥനാപൂർവ്വകമായ പരിചിന്തനവും ക്രിയാത്മകമായ സഹകരണവും നമ്മുടെ സമുദായത്തിന്റെ വളർച്ചയിലും സമൂഹനിർമ്മിതിക്കായുള്ള പരിശ്രമത്തിലും ഒരിക്കൽക്കൂടി പ്രകാശിതമാകാൻ ഈ സംരംഭം സഹായകമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം

**✠മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. ഈ സർക്കുലർ 2012 ഡിസംബർ 16-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.

# ഇടവക രജിസ്റ്ററുകളിൽ തെറ്റായി ചേർത്തിട്ടുള്ള വിവരങ്ങൾ തിരുത്താനുള്ള രീതി

## 1. ജ്ഞാനസ്നാന രജിസ്റ്റർ

നമ്മുടെ ഇടവകകളിൽ സൂക്ഷിക്കുന്ന ജ്ഞാനസ്നാന രജിസ്റ്ററുകളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട വികാരിമാർക്ക് ജ്ഞാനസ്നാന സർട്ടിഫിക്കറ്റുകൾ മാത്രമേ കൊടുക്കാൻ അർഹതയുള്ളുവെങ്കിലും പലപ്പോഴും പല ഓഫീസുകളിൽ നിന്നും വികാരി കൊടുക്കുന്ന ജനനസർട്ടിഫിക്കറ്റ് ആവശ്യപ്പെടാറുണ്ട്. ജ്ഞാനസ്നാന രജിസ്റ്ററിൽ ചേർക്കുന്ന ജനനതീയതികൾ സാധാരണയായി ജ്ഞാനസ്നാനം സ്വീകരിച്ച കുട്ടികളുടെ മാതാപിതാക്കൾ പറയുന്നവയാണ്. തെളിവിനായി നമ്മൾ രേഖകളൊന്നും ആവശ്യപ്പെടാറില്ല. അതിനാൽ അവയിൽ തെറ്റുകൾ ഉണ്ടാകാനുള്ള സാധ്യത ഉണ്ട്. തെറ്റായി രേഖപ്പെടുത്തിയ തീയതികൾ പിന്നീട് തിരുത്തേണ്ടിവരുന്ന സന്ദർഭങ്ങളും ഇന്ന് ഏറി വരുന്നുണ്ട്. പ്രത്യേകിച്ച് വിദേശത്ത് പോകേണ്ടി വരുന്നവരുടെ കാര്യത്തിൽ ഇങ്ങനെയുണ്ടാകാറുണ്ട്. എന്നാൽ രജിസ്റ്ററിൽ കാണുന്ന തീയതിയായിരിക്കുകയില്ല ശരിയായ തീയതി. അതേ സമയം ശരിയായ തീയതിവച്ച് സർട്ടിഫിക്കറ്റ് കൊടുക്കണം എന്ന് ആളുകൾ ആവശ്യപ്പെടുകയും ചെയ്യും. ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ബുദ്ധിമുട്ടിലാകും. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കി രജിസ്റ്ററുകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള നടപടിക്രമത്തെപ്പറ്റി കേരള കത്തോലിക്കാ മെത്രാൻ സമിതി 2012 ജൂണിൽ ചേർന്ന സമ്മേളനത്തിലും സീറോമലബാർ മെത്രാൻ സിനഡ് 2012 ആഗസ്റ്റിൽ ചേർന്ന സമ്മേളനത്തിലും ചർച്ച ചെയ്ത് താഴെപ്പറയുന്ന നടപടിക്രമം അംഗീകരിച്ചു. ഇനി മുതൽ അതിൻപ്രകാരം തിരുത്തലുകൾ വരുത്തി ജ്ഞാനസ്നാന സർട്ടിഫിക്കറ്റുകൾ കൊടുക്കാവുന്നതാണ്. <u>മറ്റ് രജിസ്റ്ററുകളിലെ തിരുത്തലുകൾക്ക് ഈ നടപടിക്രമം ഉപയോഗിക്കാൻ പാടുള്ളതല്ല.</u> ജ്ഞാനസ്നാന സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽപോലും അപേക്ഷക/ൻ ജനിച്ച ആശുപത്രിയിൽനിന്ന് അല്ലെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത് ഓഫീസിൽ നിന്ന് ശരിയായ ജനനതീയതി തെളിയിക്കുന്ന രേഖകൾ കൊണ്ടുവരുന്നവരുടെ കാര്യത്തിൽ മാത്രമേ ഈ രീതി അവലംബിക്കാൻ പാടുള്ളൂ.

1. സർട്ടിഫിക്കറ്റ് ആവശ്യമുള്ള വ്യക്തി മൈനറാണെങ്കിൽ ആ വ്യക്തിയുടെ രക്ഷാകർത്താവ് ആണ് തീയതി തിരുത്തി സർട്ടിഫിക്കറ്റ് നൽകാൻ ആവശ്യപ്പെടേണ്ടത്. പ്രായപൂർത്തി വന്നവരാണെങ്കിൽ നേരിട്ട് അപേക്ഷിക്കാം. ഏതു രൂപതയിലാണോ ജ്ഞാനസ്നാനം നടന്നത് ആ രൂപതയിലെ മെത്രാന്റെ പേർക്കാണ് അപേക്ഷ കൊടുക്കേണ്ടത്. ഇടവകയിലെ രജിസ്റ്ററിൽ ചേർത്തിരിക്കുന്ന ജനനതീയതി തെറ്റാണെന്നും അതിനാൽ ശരിയായ തീയതി വച്ച് സർട്ടിഫിക്കറ്റ് തരാൻ ജ്ഞാനസ്നാനം നടന്ന ഇടവകയിലെ ബഹുമാനപ്പെട്ട വികാരിയച്ചന് നിർദ്ദേശം കൊടുക്കണം എന്നാണ് അപേക്ഷയിൽ ആവശ്യപ്പെടേണ്ടത്. സർട്ടിഫിക്കറ്റ് എന്തിനാണെന്നും അപേക്ഷയിൽ വ്യക്തമാക്കിയിരിക്കണം. അപേക്ഷയുടെ ഒരു കോപ്പി ബന്ധപ്പെട്ട വികാരിയച്ചനും കൊടുക്കേണ്ടതാണ്. നിലവിൽ അപേക്ഷകന്റെ സ്വന്തം ഇടവക മറ്റൊരു സ്ഥലത്തായിരിക്കുകയും ആ ഇടവകയിലെ രജിസ്റ്ററിൽ ജ്ഞാനസ്നാന വിവരങ്ങൾ ചേർക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ സ്വന്തം ഇടവക ഉൾക്കൊള്ളുന്ന രൂപതയിലെ മെത്രാന്റെ പേർക്കും ഇപ്രകാരം തന്നെ അപേക്ഷ കൊടുക്കാവുന്നതാണ്.

2. അപേക്ഷയോടൊപ്പം അപേക്ഷക / ൻ ജനിച്ച ആശുപത്രിയിൽ നിന്നുള്ള ജനന രജിസ്റ്ററിന്റെ പ്രസക്തഭാഗം ആശുപത്രി അധികൃതരാൽ നിയമാനുസൃതം അറ്റസ്റ്റ് ചെയ്ത് കൊടുക്കേണ്ടതാണ്.

3. ഇടവകയിലെ രജിസ്റ്ററിൽ തെറ്റായിട്ടാണ് ജനനതീയതി ചേർത്തിരിക്കുന്നതെന്നും ശരിയായ തീയതി ഏതാണെന്നും പ്രസ്താവിച്ചുകൊണ്ടുള്ള ഒരു സത്യവാങ്മൂലം പബ്ലിക്ക് നോട്ടറിയാൽ അറ്റസ്റ്റ് ചെയ്യിപ്പിച്ച് അതും അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കണം.

4. ഇടവകയിലെ രജിസ്റ്ററിൽ ചേർത്തിരിക്കുന്ന തീയതിയും മറ്റ് വിവരങ്ങളും ഏതാണ് എന്ന് പ്രസ്താവിച്ചുകൊണ്ടുള്ള ഒരു കത്ത് ജ്ഞാനസ്നാനം നടന്ന ഇടവകയിലെ അല്ലെങ്കിൽ സ്വന്തം ഇടവകയിലെ വികാരിയിൽ നിന്ന് വാങ്ങി അപേക്ഷയോടൊപ്പം വച്ചിരിക്കണം.

5. ലഭിച്ചിരിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ സത്യാവസ്ഥ ബോധ്യപ്പെട്ടാൽ രജിസ്റ്ററിൽ തിരുത്തലുകൾ വരുത്താൻ രൂപതാ

മെത്രാൻ ബന്ധപ്പെട്ട ഇടവക വികാരിയെ അധികാരപ്പെടുത്തുന്ന താണ്.

6. തിരുത്തൽ ഇനി പറയും പ്രകാരമാണ് വരുത്തേണ്ടത്. രജിസ്റ്റ റിൽ എഴുതിയിരിക്കുന്നവ യാതൊരു കാരണവശാലും വെട്ടിത്തി രുത്താൻ പാടുള്ളതല്ല. മായ്ചു കളഞ്ഞ് അതിനു മുകളിൽ എഴുതു ന്നതു അനുവദനീയമല്ല. നിലവിൽ ഉള്ളത് അപ്രകാരം തന്നെ നില നിൽക്കണം. അതിനു പകരം മാർജിനിലോ റിമാർക്ക് കോളത്തിലോ ശരിയായ തീയതിയും തിരുത്താൻ അനുവദിച്ചുകൊണ്ടുള്ള മെത്രാന്റെ കല്പനയുടെ നമ്പരും തിരുത്തൽ വരുത്തിയ തീയതിയും രേഖപ്പെടുത്തി അതിനടിയിൽ ബഹുമാനപ്പെട്ട വികാരി പേരെഴുതി ഒപ്പിടണം. അതിനു ശേഷം തിരുത്തിയ തീയതി വച്ച് സർട്ടിഫി ക്കറ്റ് കൊടുക്കാവുന്നതാണ്.

7. അപേക്ഷയും അനുബന്ധ രേഖകളും ഇടവക ഫയലിൽ ഭദ്ര മായി സൂക്ഷിക്കേണ്ടതാണ്.

8. പേരുകളും മറ്റ് വിവരങ്ങളും തിരുത്താനും ഇതേ രീതി തന്നെ അവലംബിക്കണം.

**2. മറ്റ് രജിസ്റ്ററുകൾ**

രജിസ്റ്ററിൽ ചേർത്തിട്ടുള്ള വിവരങ്ങൾ വെട്ടിത്തിരുത്താനോ മായിച്ച് മുകളിൽ എഴുതാനോ അനുവാദമില്ല. എന്നാൽ വിവര ങ്ങൾചേർക്കുന്ന സമയത്തോ അതിനോടടുത്തോ രജിസ്റ്ററിൽ ചേർത്തത് തെറ്റാണ് എന്ന് സംശയലേശമന്യെ എഴുതിയ ആൾക്ക് (ഇത് സാധാരണയായി വികാരിയച്ചന്മാരാണല്ലോ ചെയ്യുന്നത്) ബോധ്യമായാൽ (അതിനുള്ള രേഖകൾ ഉണ്ടെങ്കിൽ അവ ഫയ ലിൽ സൂക്ഷിച്ചിരിക്കണം) രജിസ്റ്ററിന്റെ മാർജിനിലോ റിമാർക്ക് കോളത്തിലോ ശരിയായ വിവരം (പേരുകൾ, തീയതികൾ മുതലാ യവ) എഴുതി ബഹുമാനപ്പെട്ട വികാരിയച്ചൻ തന്റെ പേരും വീട്ടു പേരും തിരുത്തുന്ന തീയതിയും ചേർത്ത് ഒപ്പിടണം. തനിയ്ക്ക് മുമ്പേ സേവനം ചെയ്ത് കടന്നുപോയ വികാരിമാരുടെ കാലത്ത് ചേർക്കപ്പെട്ട വിവരമാണെങ്കിൽ ഇപ്രകാരം ചെയ്യുന്നതിന് മുമ്പായി ജ്ഞാനസ്നാനരജിസ്റ്ററിന്റെ കാര്യത്തിൽ 1,3,4 എന്നീ നമ്പരുകളിൽ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടായിരിക്കണം.

കേരള കത്തോലിക്കാ മെത്രാൻ സമിതി

# വാർത്തകൾ

## ഭൂരിപക്ഷത്തിന്റെ അഭിപ്രായമല്ല സഭയുടെ പ്രബോധനം - മാർപാപ്പ

വിശ്വാസവും ധാർമ്മികതയുമായി ബന്ധപ്പെട്ട് സഭ നൽകുന്ന നിർദേശങ്ങൾ എല്ലാവരും മനസ്സിലാക്കിയിരിക്കണമെന്ന് നിഷ്കർഷിക്കുമ്പോൾ വിശ്വാസപ്രബോധനങ്ങളെ വോട്ടിനിടുകയാണെന്ന് ആരും തെറ്റിദ്ധരിക്കരുതെന്ന് മാർപ്പാപ്പാ. ഭൂരിഭാഗത്തിന്റെ അഭിപ്രായമല്ല, സഭയുടെ പ്രബോധനം. ഭൂരിഭാഗം വിയോജിക്കുമ്പോഴും പ്രബോധനത്തിൽ മായം കലർത്തുക അസാധ്യമാണ്. വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും കാര്യത്തിൽ സഭ തെറ്റും ശരിയും കണ്ടെത്തുന്നത് വോട്ടിങ്ങിലൂടെയല്ല പാപ്പാ വിലയിരുത്തി. 'സെൻസ് ഓഫ് ദ ഫെയ്ത്ത്ഫുൾ' (വിശ്വാസികളുടെ ജ്ഞാനം) എന്ന ആശയത്തെ അന്തർദേശീയ ദൈവശാസ്ത്ര കമ്മീഷനിൽ വിലയിരുത്തുകയായിരുന്നു പാപ്പാ. സഭയോടും സഭാ പ്രബോധനങ്ങളോടും മെത്രാന്റെ അധികാരത്തോടും വിധേയപ്പെട്ടു നിൽക്കുമ്പോഴാണ് വിശ്വാസികളുടെ ജ്ഞാനം കലർപ്പില്ലാത്തതാകുന്നത്. സഭയിൽ നിന്ന് മാറി നയം പ്രബോധനമായി അംഗീകരിക്കാനാവില്ല. വിശ്വാസവും ധാർമ്മികതയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിശ്വാസികളുടെ മുഴുവൻ സമൂഹത്തിനും ഒന്നടങ്കം തെറ്റുപറ്റുക സാധ്യമല്ല എന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനം വിശദീകരിക്കുകയായിരുന്നു പാപ്പാ. സഭാപരമായ പൊതു അഭിപ്രായമല്ല ഇവിടെ വിവക്ഷിക്കുന്നത്. ഒന്നു ചേർന്നു നിൽക്കുമ്പോൾ സഭയുടെ മുഴുവൻ വിശ്വാസ്യതയാണ്.

വിശ്വാസവും ധാർമ്മികവുമായ വിഷയങ്ങളെ വിശകലനം ചെയ്യുമ്പോൾ സഭയ്ക്കു മുഴുവനും കൂടി തെറ്റുപറ്റുകയില്ല എന്നാണ് ഇതിന്റെ അർത്ഥം. സഭ മുഴുവനുംകൂടി അംഗീകരിച്ചാലാണ് ഒരു കാര്യം സത്യമാവുന്നത് എന്ന് ഇത് വിവക്ഷിക്കുന്നില്ലെന്നും പാപ്പാ വ്യക്തമാക്കി.

## പരമ്പരാഗത ക്രൈസ്തവ വിശ്വാസത്തിന് ജനപ്രീതിയേറുന്നു

ഇംഗ്ലണ്ടിലെ പ്രമുഖ വാരികകളിൽ ഒന്നായ 'ദ എക്കോണമിസ്റ്റ്' പരമ്പരാഗത കത്തോലിക്കാ വിശ്വാസത്തിന് യൂറോപ്പിൽ ഏറെ ജനപ്രീതിയുള്ളതായി സർവേയിലൂടെ കണ്ടെത്തി. ലത്തീൻ ഭാഷയിൽ ദിവ്യബലിയർപ്പിക്കുന്നതിനെ അനേകർ ഇഷ്ടപ്പെടുന്നു. ഏറെ ആശ്ചര്യം ജനിപ്പിക്കുന്ന വസ്തുതകളിലൊന്ന് അവരിൽ മിക്കവരും യുവജനങ്ങളാണെന്നതാണ്. വിശ്വാസത്തിൽ പഴയ പാരമ്പര്യങ്ങളും ആരാധനാരീതികളുമാണ് പുതുമയെക്കാൾ ജനം ഇഷ്ടപ്പെടുന്നത്. വ്യത്യസ്തതയേക്കാൾ സ്ഥിരതയെയാണ് വിശ്വാസികൾ സ്നേഹിക്കുന്നത്.

ദ എക്കോണമിസ്റ്റ് പൊതുവേ കത്തോലിക്കാ വിശ്വാസത്തോടും രീതികളോടും താല്പര്യം കാണിക്കാൻ വിമുഖത കാണിക്കാറുള്ളതാണ്. അതുകൊണ്ട് സർവ്വേഫലം വെളിപ്പെടുത്തപ്പെട്ടതിനേക്കാൾ വിശ്വാസ്യതയുള്ളതായിരിക്കുമെന്ന് പത്രമാധ്യമങ്ങൾ വിലയിരുത്തി. ആധുനികതയുടെയും യുക്തിയുടെയും പേരു പറഞ്ഞ് വിശ്വാസത്തിൽ വെള്ളം ചേർക്കാനുള്ള ശ്രമങ്ങൾക്ക് വിശ്വാസികൾ എതിരാണെന്നും സർവ്വേഫലം തെളിയിക്കുന്നു.

## വിശുദ്ധരായ വൈദികർ സഭയ്ക്കാവശ്യം – നുൺഷ്യോ

കത്തോലിക്കാ സഭയ്ക്ക് വിശുദ്ധരായ വൈദികരെയാണ് ആവശ്യമെന്ന് സെമിനാരിക്കാർക്കുള്ള അപ്പോസ്തോലിക പ്രബോധനത്തിൽ അർജന്റീനിയൻ നുൺഷ്യോ പറഞ്ഞു.

സെമിനാരിക്കാർക്ക് ബൗദ്ധികവും സാമൂഹികവും ആത്മീകവുമായ രൂപീകരണം ഏറ്റവും നല്ല ജീവിതസാഹചര്യത്തിൽ ലഭിക്കേണ്ടതുണ്ട്. ക്രിസ്തോന്മുഖരായി, ക്രിസ്തുവാണ് തങ്ങളുടെ എല്ലാമെന്ന മനോഭാവത്തിൽ അവർ ജീവിക്കണമെന്നും നുൺഷ്യോ പറഞ്ഞു. ധാരാളം വൈദികാർത്ഥികൾക്ക് ജന്മം നൽകുന്ന സെമിനാരികൾ സഭാചരിത്രത്തിന്റെ ഭാഗമാണ്; പുതിയ വെല്ലുവിളി നേരിടാൻ പുതിയ ജീവിത രീതിയിൽ വളരുന്ന വൈദികർ വേണമെന്നും ലാ പ്ലാത്തയിലുള്ള സെന്റ് തോമസ് സെമിനാരിയിലെ വൈദികാർത്ഥികളോട് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

## പ്രാദേശികതലത്തിൽ സഭകൾ സഹകരിച്ച് പ്രവർത്തിക്കും

ആരാധനാ രീതികളിൽ വൈവിധ്യങ്ങൾ നിലനിൽക്കുമ്പോൾ തന്നെ അടിസ്ഥാനവിശ്വാസത്തിൽ സഭ ഒന്നാണെന്നും പ്രാദേശിക തലങ്ങളിൽ കൂടുതൽ സഹകരിച്ച് പ്രവർത്തിക്കേണ്ട മേഖലകൾ കണ്ടെത്തേണ്ടത് ഇന്നിന്റെ ആവശ്യമാണെന്നും കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുടെ മേലധ്യക്ഷന്മാരും മെത്രാന്മാരും ഉൾപ്പെട്ട ഇന്റർചർച്ച് കൗൺസിൽ യോഗം വ്യക്തമാക്കി. കാക്കനാട് മൗണ്ട് സെന്റ് തോമസിലായിരുന്നു സമ്മേളനം. മനുഷ്യനെ തമ്മിലകറ്റുന്ന സാഹചര്യങ്ങളിൽ ക്രിയാത്മകമായി മധ്യസ്ഥത വഹിക്കുന്നതു സഭയുടെ ഉത്തരവാദിത്വമാണെന്ന് വിവിധ സഭാധ്യക്ഷന്മാർ അഭിപ്രായപ്പെട്ടു. സഭകൾ ഇപ്രകാരം ഒന്നിച്ചു കൂടുന്നത് കേവലം ശക്തി തെളിയിക്കുന്നതിനുള്ള മുഖാന്തിരം അല്ല എന്നും പ്രത്യുത സമൂഹത്തെ ആകമാനം രൂപാന്തരപ്പെടുത്തുവാൻ സ്വയം സമർപ്പിക്കുന്നതിനുള്ള വേദിയാണെന്നും യോഗം വിലയിരുത്തി. ലോകനന്മ ലക്ഷ്യമാക്കി കൂടുതൽ ഒത്തൊരുമിച്ച് പ്രവർത്തിക്കുവാൻ സമ്മേളനം തീരുമാനിച്ചു.

# Chaithanya Programme
# January 2013

| DATE | PROGRAMME |
|---|---|
| 3-6 | KCYM Youth Meet |
| 8 | KSSS Coordinators' Meeting |
| 10 | KSSS Orientation for Coconut Climbing Training |
| 10-12 | Pre-marriage Course |
| 11 | KSSS CBR Staff Training |
| 15 | KSSS Coordinators Meeting |
| 14-19 | Cooperative Bank Employees Training |
| 17 | Aided School teachers Gathering |
| 19-20 | Vincent de Paul Training Camp |
| 23-25 | KSSS Cow Rearing Training |
| 28-29 | KSSS Joint CRC |
| 28-30 | KSSS Cow Rearing Training |
| 30 | KSSS Animators Meeting |
| 31- Feb 2 | Pre-marriage Course |

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## സംസ്ഥാന സർക്കാരിന്റെ ജലനിധി പദ്ധതിയിലേക്ക് കെ. എസ്. എസ്. എസ് തിരഞ്ഞെടുക്കപ്പെട്ടു

കേരള സർക്കാർ ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജല പദ്ധതിയായ ജലനിധിയുടെ നടത്തിപ്പ് ഏജൻസിയായി കെ.എസ്.എസ്.എസിനെ തിരഞ്ഞെടുത്തു. സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലാണ് ജലനിധി പദ്ധതി നടപ്പിലാക്കുന്നത്. കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനാണ് കെ.എസ്.എസ്.എസിനെ തിരഞ്ഞെടുത്തത്. പങ്കാളിത്ത വികന പ്രവർത്തനങ്ങളിലൂടെ ഗ്രാമീണജനതക്ക് കുടിവെള്ളം എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം വയ്ക്കുന്നത്.ജലസ്രോതസ്സ് ശക്തിപ്പെടുത്തൽ, നീർത്തടവികസന പ്രവർത്തനങ്ങൾ, ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തൽ, ശുചിത്വ പദ്ധതികൾ, ജനപങ്കാളിത്ത ശാക്തീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കും. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ച്ചവയ്ക്കുന്ന കെ.എസ്.എസ്.എസിന് ലഭിച്ച അംഗീകാരമാണ് പദ്ധതിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്.

## കെ. എസ്. എസ്. എസിന് അനർട്ടിന്റെ അംഗീകാരം

പാരമ്പര്യേതര ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിൽ നിരവധിയായ വികസന മാതൃകകൾ സൃഷ്ടിച്ചിട്ടുള്ള കെ.എസ്.എസ്.എസിന് പാരമ്പര്യേതര ഊർജ്ജ സംരക്ഷണ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്ന സംസ്ഥാന ഗവൺമെന്റിന്റെ ഏജൻസിയായ അനർട്ടിന്റെ അംഗീകാരം. ഇന്ധന വിലവർദ്ധനവിനും വിലക്കയറ്റത്തിനും ഒരു പരിധിവരെയെങ്കിലും പരിഹാരമാവുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം ഗവൺമെന്റ് അംഗീകാരത്തോടെ നടപ്പിലാക്കുന്നതിലുള്ള ഏജൻസിയായിട്ടാണ് കെ.എസ്.എസ്.എസിനെ തിരഞ്ഞെടുത്തത്. സർക്കാർ, അർദ്ധസർക്കാർ, ത്രിതലപഞ്ചായത്തുകൾ തുടങ്ങി ഗാർഹികമാലിന്യ സംസ്ക്കരണത്തിനായി വ്യക്തികൾ നടപ്പിലാക്കുന്ന ബയോഗ്യാസ് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർമ്മിച്ച് നൽകുന്നതിനുള്ള അംഗീകാരം കൂടിയാണ് ഇത്. അനർട്ടിന്റെ അംഗീകാരത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതോ

ടൊപ്പം സബ്സിഡിയും കെ.എസ്.എസ്.എസ് മുഖാന്തരം ലഭ്യമാക്കും. കെ.എസ്.എസ്.എസ് വഴിയായി ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കാൻ താല്പര്യമുള്ളവർ 9495748003 എന്ന നമ്പരിൽ ബന്ധപ്പെടുക.

## കെ. എസ്. എസ്. എസ് പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് അംഗീകാരം

കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മികവുറ്റ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് കേരളത്തിലെ കത്തോലിക്കാ മെത്രാൻസമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ജസ്റ്റീസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷനിൽ നിന്നും അംഗീകാരം. കഴിഞ്ഞ അഞ്ചുവർഷ കാലയളവിനുള്ളിൽ മാതൃകാപരമായ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയ രൂപതാ സാമൂഹിക സേവന വിഭാഗമെന്ന നിലയിലാണ് കെ. എസ്.എസ്.എസിന് അംഗീകാരം ലഭിച്ചത്. കേരളത്തിലെ രൂപതാതല സോഷ്യൽ സർവ്വീസ് സൊസൈറ്റികളുടെ ഏകോപന സമിതിയായ കേരള സോഷ്യൽ സർവ്വീസ് ഫോറം നിയോഗിച്ച വിദഗ്ദ്ധ സമിതിയാണ് കെ.എസ്.എസ്.എസിനെ പുരസ്ക്കാരത്തിനായി തെരഞ്ഞെടുത്തത്.

ഡിസംബർ 1-ാം തീയതി ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് സംഘടിപ്പിച്ച ചടങ്ങിൽ കേന്ദ്ര തൊഴിൽ വകുപ്പ് സഹമന്ത്രി കൊടിക്കുന്നിൽ സുരേഷിൽ നിന്നും കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിക്കുവേണ്ടി സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് പുരസ്ക്കാരം ഏറ്റുവാങ്ങി.

# വികസനപാതയിൽ വരുംദിനങ്ങളിൽ

## ഗാർഹിക മാലിന്യ സംസ്ക്കരണത്തിന് പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളുമായി കെ. എസ്. എസ്. എസ്

വർദ്ധിച്ചു വരുന്ന മാലിന്യ സംസ്ക്കരണ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസ് പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളുടെ ക്രമീകരണത്തിന് അവസരമൊരുക്കുന്നു. 10 കിലോ വരെ ഗാർഹിക മാലിന്യം നിക്ഷേപിക്കുവാൻ സാധിക്കുന്ന

$1M^3$ അളവിലുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളാണ് പദ്ധതിയുടെ ഭാഗമായി ക്രമീകരിച്ചിരിക്കുന്നത്. ഗാർഹിക മാലിന്യത്തിന്റെ തോതനുസരിച്ച് ഒന്നര മണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെ പാചകവാതകം പ്രസ്തുത പ്ലാന്റിൽ നിന്നും ലഭിക്കുന്നതാണ്. 19750 രൂപയാണ് പ്ലാന്റിന്റെ വില. പ്ലാന്റ് ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുന്നതിന് വേണ്ടതായ വാഹനക്രമീകരണവും ഗുണഭോക്താവുതന്നെ ക്രമീകരിക്കേണ്ടതാണ്. പദ്ധതിയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്നവർ ജനുവരി 31 നകം അനിമേറ്ററുടെ പക്കൽ പേര് നൽകേണ്ടതാണ്.

## പശുവളർത്തൽ പരിശീലനം

കെ.എസ്.എസ്.എസും ഡയറി ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റും സംയുക്തമായി ക്ഷീരകർഷകർക്കായി പശുവളർത്തൽ പരിശീലനം സംഘടിപ്പിക്കുന്നു. ഹൈറേഞ്ച് മേഖലയിലുള്ളവർക്കായി ജനുവരി 9 മുതൽ 16 വരെ എൻ.ആർ സിറ്റിയിലും മറ്റുമേഖലകളിലുള്ളവർക്കായി ജനുവരി 23 മുതൽ 30 വരെ ചൈതന്യയിലും ആയിരിക്കും പരിശീലനം സംഘടിപ്പിക്കുക. പരിശീനത്തോടനുബന്ധിച്ച് പശുവളർത്തലിന്റെ ശാസ്ത്രീയ രീതികൾ, തീറ്റപ്പുൽ കൃഷി, പശുവിനുണ്ടാകുന്ന രോഗങ്ങൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി വിദഗ്ദ്ധർ ക്ലാസുകൾ നയിക്കും. ആറു ദിവസം നീണ്ടുനിൽക്കുന്ന പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 300 രൂപ സ്റ്റൈഫന്റും സർട്ടിഫിക്കറ്റും നൽകുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 100 രൂപാ ഫീസടച്ച് അനിമേറ്ററുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം

കൃഷി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ച വച്ചിട്ടുള്ള കെ.എസ്.എസ്.എസ് നാളികേരവികസന ബോർഡുമായി സഹകരിച്ച് നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയിലെ അടുത്ത ബാച്ചിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർക്കുള്ള പ്രാഥമിക ബോധവത്ക്കരണ ക്ലാസ്സ് ജനുവരി 10-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ചൈതന്യയിൽ സംഘടിപ്പിക്കുന്നു. ആറ് ദിവസങ്ങളിലായി സംഘടിപ്പിക്കുന്ന പരിശീലനത്തോടനുബന്ധിച്ച് തെങ്ങ് കയറ്റ പരിശീലനം, തെങ്ങ് കയറ്റ യന്ത്ര പരിചയം, ജൈവകൃഷി രീതി, വിത്ത് തേങ്ങ സംരംക്ഷണം, ആശയവിനിമയം, സമ്പാദ്യ ശീലം തുടങ്ങിയ വിഷയങ്ങളിലും പരിശീലനം നൽകും. ഏഴാം ക്ലാസ്സ് വരെ പഠനം പൂർത്തി

യാക്കിയ 18 നും 40 നും ഇടയിൽ പ്രായമുള്ളവർക്കാണ് മുൻഗണന. ബോധവത്ക്കരണ ക്ലാസ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9645962464 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയുടെ ഭാഗമായി 13 ബാച്ചുകളായി 260 പേർ ഇതിനോടകം പരിശീലനം പൂർത്തിയാക്കി.

## SAFP കുടുംബ ശാക്തീകരണ പദ്ധതി - ഗുണഭോക്താക്കളുടെ വാർഷിക സംഗമം ഫെബ്രുവരി 23 ന്

സമൂഹത്തിലെ നിർദ്ധന കുടുംബങ്ങളുടെ ശാക്തീകരണവും സമഗ്ര വികസനവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയിയും 300 ലധികം കുടുംബങ്ങൾക്കായി സമഗ്രവികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പ്രസ്തുത കുടുംബശാക്തീകരണ പദ്ധതിയിൽ അംഗങ്ങളായിരിക്കുന്നവരുടെ വാർഷിക സംഗമം സംഘടിപ്പിക്കുന്നു. 2013 ഫെബ്രുവരി 23-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ചൈതന്യയിലാണ് സംഗമം സംഘടിപ്പക്കുന്നത്.

## SAFP കുടുംബശാക്തീകരണ പദ്ധതി - വാർഷിക പ്ലാൻ തയ്യാറാക്കൽ

കെ.എസ്.എസ്.എസ് സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് നടപ്പിലാക്കുന്ന കുടുംബശാക്തീകരണ പദ്ധതിയിലെ പങ്കാളികളുടെ 2013-2014 കാലയളവിലെ പ്രവർത്തനങ്ങൾക്കാവശ്യമായ വാർഷിക പ്ലാൻ തയ്യാറാക്കുന്നു. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ SAFP മേഖലാതല അനിമേറ്റേഴ്സ് ഓരോ പങ്കാളിയുടെയും ഭവനം സന്ദർശിച്ച് കുടുംബാംഗങ്ങളോടൊപ്പം ചർച്ചകൾ നടത്തിയാണ് 2013 ഏപ്രിൽ മുതൽ 2014 മാർച്ച് വരെയുള്ള കാലയളവിൽ കുടുംബത്തിൽ നടപ്പിലാക്കാനാവശ്യമായ പദ്ധതികൾ വിഭാവനം ചെയ്യുന്നത്. ഓരോ കുടുംബവും കൈവരിക്കേണ്ട സമഗ്ര വളർച്ച ലക്ഷ്യമിട്ട് ആരോഗ്യ പരിരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസ പദ്ധതി, സാമ്പത്തിക ഭദ്രത, സർക്കാർ പ്രവർത്തനങ്ങളിലെ പങ്കാളിത്തം, സ്വാശ്രയസംഘ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, വാർഷിക പദ്ധതി നിർവ്വഹണ ബഡ്ജറ്റ്, വാർഷിക പദ്ധതി നിർവ്വഹണ സമയവിവരം തുടങ്ങിയവ വാർഷിക പ്ലാനിന്റെ ഭാഗമായി തയ്യാറാക്കും.

## കെ.എസ്.എസ്.എസ് സിബിആർ ചൈൽഡ് ഡെവലപ്പ്മെന്റ് പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു.

വിവിധതരത്തിലുള്ള ശാരീരിക മാനസിക ന്യൂനതകൾ ഉള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കെ.എസ്.എസ്.എസ് സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി എസ്.എൽ. എഫ് എന്ന സംഘടനയുമായി സഹകരിച്ച് നടപ്പിലാക്കുന്ന ചൈൽഡ് ഡെവലപ്പ്മെന്റ് പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് 5 വർഷത്തേക്ക് സഹായം ലഭ്യമാക്കുന്നതാണ്. വിദ്യാഭ്യാസം, ചികിത്സ സഹായം, തൊഴിൽ പരിശീലനം, സഹായ ഉപകരണങ്ങൾ എന്നിവയ്ക്കായിരിക്കും പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം ലഭ്യമാക്കുക. പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

*20 വയസ്സിൽ താഴെ പ്രായമുള്ള വൈകല്യമുള്ള കുട്ടികൾക്കാണ് പദ്ധതിയിലേക്ക് അപേക്ഷിക്കാവുന്നത് * കെ.എസ്.എസ്.എസ് നടപ്പിലാക്കിയ ചൈൽഡ് ഡെവലപ്പ്മെന്റ് സ്കിമിൽ ഉൾപ്പെട്ടവർക്ക് അപേക്ഷിക്കാവുന്നതല്ല. * 50% ശാരീരിക മാനസിക വൈകല്യമുള്ളവർക്കായിരിക്കും പദ്ധതിയുടെ സേവനം ലഭ്യമാക്കുക. * അർഹതയുള്ളവർ 2013 ജനുവരി 31ന് അകം അനിമേറ്ററുടെ പക്കൽ പേര് നൽകേണ്ടതാണ് * വൈകല്യവും സാമ്പത്തിക പിന്നോക്കവസ്ഥയും തിരഞ്ഞെടുപ്പ് മാനദണ്ഡത്തിൽ ഉൾപ്പെടുത്തുന്നതാണ്. * കെ.എസ്.എസ്.എസ് കേന്ദ്ര ഓഫീസിൽ നിന്നും വിലയിരുത്തൽ നടത്തിയാണ് അർഹരായവരെ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുക.

## സ്മാർട്ട് കുട്ടികൾക്കായി ലേഖന മത്സരം

ആറ്, ഏഴ് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി കെ.എസ്.എസ്.എസിന്റെ നേതൃത്തത്തിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ഗ്രൂപ്പിലെ കുട്ടികൾക്കായി ലേഖന മത്സരം സംഘടിപ്പിക്കുന്നു. നവംബർ 25-ാം തീയതി നടത്തപ്പെട്ട 15-ാമത് ചൈതന്യ കാർഷിക മേളയുടെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്ത സ്മാർട്ട് ഗ്രൂപ്പ് കുട്ടികൾക്കായാണ് ലേഖന മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മത്സര മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

● 15-ാമത് ചൈതന്യ കാർഷികമേളയുടെ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്ത അനുഭവത്തെക്കുറിച്ചും ഉദ്ഘാടന കർമ്മം നിർവ്വഹിച്ച ഡോ. എ.പി.ജെ അബ്ദുൾ കാലാമിന്റെ പ്രസംഗവും കുട്ടികളുമായി നടത്തിയ പ്രതിഭാസംഗമത്തെയും അടിസ്ഥാനമാക്കിയാണ് ലേഖനം തയ്യാറാക്കേണ്ടത് ● ലേഖനത്തിൽ അബ്ദുൾ കലാമിന്റെ ജീവചരിത്രവും ഉൾപ്പെടുത്താവുന്നതാണ് ● ലേഖനം 3 പേജിൽ കുറയാനോ 5 പേജിൽ കൂടാനോ പാടുള്ളതല്ല. ● ലേഖനം കെ.എസ്.എസ്.എസിൽ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 11 ആണ്. ● വിജയികൾക്ക് ആകർഷക സമ്മാനം നൽകേണ്ടതാണ്.

## ഹരിത സമൃദ്ധി ലൈഫ് പദ്ധതി രണ്ടാംഘട്ട പ്രവർത്തനങ്ങൾ

സുസ്ഥിര മണ്ണ് കൃഷി ജല പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ട് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന ഹരിതസമൃദ്ധി പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. പദ്ധതിയുടെ ഭാഗമായി ഇതിനോടകം തന്നെ നീർക്കുഴികൾ, മഴവെള്ള സംഭരണികൾ, പുകയില്ലാത്ത അടുപ്പുകൾ, കല്ലുകയ്യാലകൾ, അടുക്കള തോട്ടങ്ങൾ, മണ്ണിരവള നിർമ്മാണ യൂണിറ്റുകൾ, വരുമാന പദ്ധതികൾ, ജൈവ വേലികൾ, അസോള, തീറ്റപ്പുൽ കൃഷി തുടങ്ങിയ ഒട്ടനവധി പ്രവർത്തനങ്ങൾ തന്നെ പൂർത്തിയാക്കി. പദ്ധതിയുടെ തുടർച്ചയായി താഴെപറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അവസരം ഒരുക്കുന്നു. മഴവെള്ള സംഭരണികൾ, ബയോ ഗ്യാസ് പ്ലാന്റ്, പുകയില്ലാത്ത അടുപ്പുകൾ, കുളങ്ങളുടെ പുനരുദ്ധാരണം, കിണറുകളുടെ പുനരുദ്ധാരണം, കിണറുകളിലെ ജലനിരപ്പ് പുനസ്ഥാപന പദ്ധതി (വെൽ റീച്ചാർജിംഗ്) തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

## കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ

## കുടുംബ ശാക്തീകരണ പദ്ധതി - ഗ്രാമതല മീറ്റിംഗുകൾ പൂർത്തിയായി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് നടപ്പിലാക്കുന്ന കുടുംബശാക്തീകരണ പദ്ധതിയിലെ പങ്കാളികളുടെ ഡിസംബർ മാസത്തിലെ ഗ്രാമതല മീറ്റിംഗുകൾ

പൂർത്തിയായി. മേഖലാതല അനിമേറ്റർമാരുടെ നേതൃത്വത്തിൽ എല്ലാ ഗ്രാമങ്ങളിലും പങ്കാളികൾക്കായി അർദ്ധദിന പരിശീലനമാണ് സംഘടി പ്പിച്ചത്. ജീവിതശൈലി ക്രമീകരണത്തെ അടിസ്ഥാനമാക്കിയുള്ള ബോധ വത്ക്കരണ ക്ലാസിനും ചർച്ചകൾക്കും പുറമേ വരുമാന പദ്ധതി പുരോ ഗതി വിലയിരുത്തൽ, കുടുംബത്തിന്റെ സമഗ്രവളർച്ചയിലുണ്ടാകുന്ന പുരോഗതി പങ്കു വയ്ക്കൽ എന്നിവയും ഗ്രാമതല മീറ്റിംഗിന്റെ ഭാഗമായി നടത്തി.

**ദേശീയ ഊർജ്ജ സംരക്ഷണ ദിനത്തിൽ 1145 സോളാർ റാന്തൽ വിള ക്കുകൾ കെ.എസ്.എസ്.എസ് ലഭ്യമാക്കി**

ദേശീയ ഊർജ്ജ സംരക്ഷണ ദിനമായ ഡിസംബർ 14ന് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യ ത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി 1145 സോളാർ റാന്തൽ വിളക്കുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കി. നിത്യോപയോഗ സാധനങ്ങൾക്കും ഇന്ധനങ്ങൾക്കും അടിക്കടി ഉണ്ടാകുന്ന വില വർദ്ധ നവ് സാധാരണക്കാരന്റെ ജീവിതം ദുസ്സഹമാക്കുന്ന സാഹചര്യത്തിലാണ് പാരമ്പര്യേതര ഊർജ്ജ ശ്രേണിയായ സോളാർ റാന്തൽ വിളക്കുകൾ പ്രത്യേക പാക്കേജായി സബ്സിഡിയോടു കൂടി കെ.എസ്.എസ്.എസ് ലഭ്യമാക്കിയത്. 3170 രൂപ വിലയുള്ള സോളാർ റാന്തൽ വിളക്കുകൾ 500 രൂപ സബ്സിഡിയോടു കൂടി 2670 രൂപയ്ക്കാണ് ലഭ്യമാക്കിയത്.

**ഹരിത സമൃദ്ധി പദ്ധതി - വരുമാന പദ്ധതി സബ്സിഡി വിതരണം നടത്തി**

മണ്ണ്-ജല-പരിസ്ഥിതി വരുമാന സംരംഭകത്വ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന ഹരിത സമൃദ്ധി പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കിയ വരുമാന പദ്ധതികൾക്ക് സബ്സിഡി ലഭ്യമാക്കി. പശു, ആട്, മുയൽ, പന്നി, കോഴി, മീൻ കൃഷി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയവർക്കാണ് സബ്സിഡി ലഭ്യമാക്കി യത്. പദ്ധതി ഗ്രാമങ്ങളിൽ സംഘടിപ്പിച്ച ഗ്രാമതല സെമിനാറിനോടനു ബന്ധിച്ചാണ് സബ്സിഡി ലഭ്യമാക്കിയത്.

**പുരുഷ സ്വാശ്രയസംഘ നേതൃത്വ പരിശീലനം സംഘടിപ്പിച്ചു**

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഹൈറേഞ്ച് ഒഴികെയുള്ള പ്രവർത്തന മേഖലയിലെ പുരുഷ സ്വാശ്രയ സംഘാംഗങ്ങൾക്കായി നേതൃത്വ പരിശീലനം സംഘടിപ്പിച്ചു. ഒക്ടോബർ 28 ഞായറാഴ്ച ചൈതന്യയിൽ സംഘടിപ്പിച്ച നേതൃപരിശീലനത്തിന്റെ ഉദ്ഘാടനം ബഹു. കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവ്വഹിച്ചു. കോട്ടയം അതിരൂപത മെത്രപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് അദ്ധ്യ

ക്ഷത വഹിച്ചു. ആഭ്യന്തര വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധകൃഷ്ണൻ, ഗവൺമെന്റ് ചീഫ് വിപ്പ് പി.സി ജോർജ്ജ്, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കടുത്തുരുത്തി എം.എൽ.എ മോൻസ് ജോസഫ്, തോമസ് ചാഴികാടൻ എക്സ് എം.എൽ.എ, ഫാ. ജിനു കാവിൽ, കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ എന്നിവർ പ്രസംഗിച്ചു. പുരുഷ സ്വാശ്രയസംഘ പ്രവർത്തനങ്ങൾക്ക് പുത്തൻ ഉണർവ്വ് പകരുന്നതിനായുള്ള കെ.എസ്.എസ്.എസ് പ്രവർത്തനങ്ങളുടെ തുടർച്ചയാണ് പുരുഷ സ്വാശ്രയസംഘ നേതൃത്വ പരിശീലനം സംഘടിപ്പിച്ചത്. കെ.എസ്.എസ്.എസിന്റെ വിവിധ ഹരിതവേദി, സൗഹൃദവേദി ഗ്രൂപ്പുകളിൽ നിന്നായി 87 പുരുഷ സ്വാശ്രയസംഘ പ്രതിനിധികൾ നേതൃപരിശീലനത്തിൽ പങ്കെടുത്തു.

## സീനിയർ സംഘാംഗങ്ങൾക്കായി ഫിസിയോതെറാപ്പി സർവ്വീസ് ലഭ്യമാക്കി

കെ.എസ്.എസ്.എസ്സും ഹെൽപേജ് ഇൻഡ്യയും സംയുക്തമായി വയോജനങ്ങൾക്കായി ഫിസിയോതെറാപ്പി സർവ്വീസ് ലഭ്യമാക്കി. പഴയ കല്ലറ, മാറിക, ഉഴവൂർ, കോതനല്ലൂർ, പാച്ചിറ തുടങ്ങിയ ഗ്രാമങ്ങളിലുള്ള സീനിയർ സംഘാംഗങ്ങൾക്കാണ് പ്രാഥമീക ഘട്ടത്തിലുള്ള സർവ്വീസ് ലഭ്യമാക്കിയത്.

## അന്ധബധിര പുനരധിവാസ പദ്ധതി സന്ദർശനം

കെ.എസ്.എസ്.എസിന്റെ സി.ബി.ആർ പ്രവർത്തനങ്ങളോടനുബന്ധിച്ച് അന്ധബധിരതയുള്ള വ്യക്തികളെ ശാസ്ത്രീയമായി പുനരധിവസിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി സെൻസ് ഇന്റർനാഷണലിൻ നിന്നും പ്രോഗ്രാം കോർഡിനേറ്റർ ബ്രഹദ ശങ്കർ കെ.എസ്.എസ്.എസിന്റെ സി.ബി.ആർ അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുകയും വിലയിരുത്തൽ നടത്തുകയും ചെയ്തു.

## അന്ധബധിര പുനരധിവാസ പദ്ധതി സംസ്ഥാനതല ശില്പശാല

അന്ധബധിരതയുള്ളവരെ കണ്ടെത്താനും അവർക്കു വേണ്ടിയുള്ള സമഗ്ര വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനും വേണ്ടി കെ.എസ്.എസ്.എസും സെൻസ് ഇന്റർ നാഷണൽ (ഇന്ത്യ)യും സംയുക്തമായി മെഡിക്കൽ പാരമെഡിക്കൽ വിദഗ്ദ്ധർ, സന്നദ്ധ സംഘടനകൾ, സാമൂഹിക പ്രവർത്തകർ, ഹെൽത്ത് വർക്കേഴ്സ്, എസ്.എസ്.എ

സ്പെഷ്യൽ എജ്യുക്കേറ്റേഴ്സ് എന്നിവർക്കായി സംസ്ഥാനതല ശില്പ ശാല 2012 ഡിസംബർ 6,7 തീയതികളിൽ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു.

## പുരുഷ സ്വാശ്രയസംഘ ഫെഡറേഷൻ ഇലക്ഷൻ സംഘടിപ്പിച്ചു

കെ.എസ്.എസ്.എസിന്റെ ഹൈറേഞ്ച് ഒഴികെയുള്ള മേഖലകളിലെ പുരുഷ സ്വാശ്രയസംഘ ഫെഡറേഷൻ മീറ്റിംഗും ഇലക്ഷനും ഇലക്ഷനും ഒക്ടോബർ 28 ന് ചൈതന്യയിൽ സംഘടിപ്പിച്ചു. കെ.എസ്.എസ്.എസിന്റെ വിവിധ പ്രവർത്തന ഗ്രാമങ്ങളിലെ പുരുഷ സ്വാശ്രയസംഘങ്ങളിൽ നിന്നായി 87 പ്രതിനിധികൾ പങ്കെടുത്തു. പുരുഷ സ്വാശ്രയ സംഘാംഗങ്ങൾക്ക് പുതിയ ഉണർവ്വു നൽകുന്നതിനായുള്ള പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് പുരുഷ സ്വാശ്രയസംഘ ഫെഡറേഷൻ മീറ്റിംഗും കേന്ദ്രമേഖലാതല ഇലക്ഷനും സംഘടിപ്പിച്ചത്.

ഫാ. മൈക്കിൾ വെട്ടിക്കാട്ട്
സെക്രട്ടറി, കെ.എസ്.എസ്.എസ്

## തൂവാനീസ പ്രോഗ്രാം

| | |
|---|---|
| 2013 ജനുവരി 11 – 14 | വിശ്വാസവർഷ ധ്യാനം<br>(ഇടവക പ്രതിനിധികൾക്കും സിസ്റ്റേഴ്സിനുമുള്ള ധ്യാനം)<br>ഫാ. ജിബിൽ കുഴിവേലിൽ & ടീം |
| 24 – 27 | തൂവാനീസാ ട്രെയിനിംഗ് പ്രോഗ്രാം |
| 27 – 31 | ആന്തരീക വിശുദ്ധീകരണ ധ്യാനം<br>ഫാ. ബിജു കൊച്ചുപറമ്പിൽ & ടീം |
| ഫെബ്രുവരി 1 – 3 | തപസ് ധ്യാനം (ജീസസ് യൂത്ത് ടീം) |
| 8 – 11 | വിശ്വാസവർഷ ധ്യാനം<br>വിധവകൾക്കും വിഭാര്യർക്കുമുള്ള ധ്യാനം<br>ഫാ. ജിബിൽ കുഴിവേലിൽ & ടീം |
| 15 – 17 | പരീക്ഷാ ഒരുക്കധ്യാനം (കുട്ടികൾക്ക്) |
| 24 – 25 | ആന്തരീക വിശുദ്ധീകരണ ധ്യാനം<br>ഫാ. ബിജു കൊച്ചുപറമ്പിൽ & ടീം |

# ബൈബിൾ കമ്മീഷൻ

## കെ.സി.ബി.സി. സംസ്ഥാന ബൈബിൾ കലോത്സവം

## കോട്ടയം അതിരൂപതയ്ക്ക് അഭിമാനകരമായ നേട്ടം

2012 ഡിസംബർ 29, 30 തീയതികളിലായി തൃശൂർ വിമലാ കോളേജിൽവച്ച് നടത്തപ്പെട്ട സംസ്ഥാന ബൈബിൾ കലോത്സവത്തിൽ കോട്ടയം അതിരൂപത 97 പോയിന്റോടുകൂടി 6-ാം സ്ഥാനത്തെത്തി എന്നത് അഭിമാനകരമായ നേട്ടമാണ്. പങ്കെടുത്തവർക്കും അതിന്റെ പിന്നിൽ അദ്ധ്വാനിച്ച എല്ലാവർക്കും, പ്രത്യേകിച്ച് വിജയികൾക്കും ബൈബിൾ കമ്മീഷന്റെ അഭിനന്ദനങ്ങൾ.

ഇവർ മത്സരവിജയികൾ

| | | |
|---|---|---|
| 1. ശാസ്ത്രീയസംഗീതം | I | അലക്സ് ചാക്കോ തടത്തിൽ<br>പഴയ കല്ലറ |
| 2. സങ്കീർത്തനാലാപനം | II | അലക്സ് ചാക്കോ തടത്തിൽ<br>പഴയ കല്ലറ |
| 3. ലളിതഗാനം | III | അലക്സ് ചാക്കോ തടത്തിൽ<br>പഴയ കല്ലറ |
| 4. ശാസ്ത്രീയസംഗീതം | III | സബ്റിൻ സാബു കാരിശ്ശേരിൽ<br>ഏറ്റുമാനൂർ |
| 5. സങ്കീർത്തനാലാപനം | II | അലീഷാ കെ. ബിജു കുരുട്ടുപറമ്പിൽ<br>ചുങ്കം |
| 6. മാർഗ്ഗംകളി | I | ചുങ്കം |
| 7. സംഘനൃത്തം | (J) II | ചുങ്കം |
| 8. സംഘനൃത്തം | (S) III | ചുങ്കം |

ഫാ. ജോർജ് പുതുപ്പറമ്പിൽ (ചെയർമാൻ)

# മതബോധന കമ്മീഷൻ

മതബോധന കമ്മീഷൻ ചുങ്കം, മുട്ടം, മോനിപ്പള്ളി, പുതുവേലി, ഉഴവൂർ, പിറവം, പാച്ചിറ, വാകത്താനം, വടക്കുംമുറി, കരിങ്കുന്നം എന്നീ പള്ളികളിൽ സന്ദർശനം നടത്തി.

## വേദപാഠ പരീക്ഷ

2012-2013 അദ്ധ്യയനവർഷത്തിലെ 10, 11, 12 ക്ലാസ്സുകളിലെ വാർഷിക പരീക്ഷകൾ ജനുവരി 26-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ

5 വരെ നടത്തപ്പെടുന്നു. ചോദ്യപേപ്പറുകൾ ജനുവരി 24-ാം തീയതി മുതൽ അതാതു ഫൊറോനാ സെന്ററുകളിൽ ഇവിടെനിന്നും എത്തിക്കുന്നതാണ്. ഉത്തരകടലാസുകൾ തിരിച്ചെത്തിക്കുമ്പോൾ അതോടൊപ്പം ഇന്റേണൽ അസസ്മെന്റ് മാർക്ക്, സർട്ടിഫിക്കറ്റ് ബുക്ക്, 12-ാം ക്ലാസിലെ പ്രബന്ധം എന്നിവയും എത്തിക്കേണ്ടതാണ്. പ്രബന്ധത്തിൽ രജി. നമ്പർ ഇടുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇന്റേണൽ അസസ്മെന്റ് മാർക്ക് നൽകുമ്പോൾ രണ്ടു സെമസ്റ്ററിലെയും ശരാശരി കണ്ട് പത്താം ക്ലാസിൽ ഇരുപതിലും പന്ത്രണ്ടാം ക്ലാസിൽ പത്തിലും മാർക്കിട്ട് നൽകേണ്ടതാണ്. പരീക്ഷാക്രമീകരണത്തിനുവേണ്ടി ഇവിടെനിന്നും നിർദ്ദേശിക്കുന്ന ഇടവകയിലേയ്ക്ക് ഒരദ്ധ്യാപകനെ സ്ക്രൂട്ടണി ഓഫീസറായി അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്ക്രൂട്ടണി ഓഫീസർക്കുള്ള അപ്പോയ്ന്റ്മെന്റ് ഫോം ചോദ്യപേപ്പറിനോടൊപ്പം കൊടുത്തു വിടുന്നതാണ്. സ്ക്രൂട്ടണി ഓഫീസർക്കുള്ള യാത്രാചിലവ് അവർ എത്തുന്ന ഇടവകകളിൽ നിന്നും കൊടുക്കേണ്ടതും സ്ക്രൂട്ടണി ഓഫീസർ ഉത്തരകടലാസുകൾ അന്നുതന്നെ ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണ്. ഫൊറോനാകേന്ദ്രത്തിൽ നിന്നും ഉത്തരകടലാസുകൾ വിശ്വാസപരിശീലനഓഫീസിൽ എത്തിക്കേണ്ടതിനുള്ള ക്രമീകരണം ചെയ്യുന്നതാണ്. (ഇടയ്ക്കാട് ഫൊറോനയിലേത് ചൈതന്യ ഓഫീസിൽ നേരിട്ട് എത്തിക്കേണ്ടതാണ്) ഇവിടെനിന്നും കൊടുത്തുവിടുന്ന വെരിഫിക്കേഷൻ ഷീറ്റ് അതാത് ഇടവകകളിലേയ്ക്ക് ഉള്ളതാണ്. സ്ക്രൂട്ടണി ഓഫീസർ പോകുന്ന ഇടവകയിലേയ്ക്ക് ഉള്ളതല്ല.

## 4, 7 ക്ലാസുകളിലെ മത്സരപരീക്ഷ

മാർച്ച് 10 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ ഫൊറോന സെന്ററുകളിൽവച്ച് 4, 7 ക്ലാസുകളിലെ മത്സരപരീക്ഷ നടത്തപ്പെടുന്നതാണ്. ഒരു ക്ലാസിൽനിന്നും 1ഉം 2ഉം സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികൾ മാത്രമേ പങ്കെടുക്കാവൂ. (ഒന്നാം സ്ഥാനത്തോ, രണ്ടാംസ്ഥാനത്തോ ഒന്നിൽ കൂടുതൽ കുട്ടികൾ പങ്കെടുക്കാൻ പാടില്ല. പങ്കെടുക്കുന്ന കുട്ടികൾക്ക് 75% കൂടുതൽ മാർക്ക് ഉണ്ടായിരിക്കണം) മത്സരപരീക്ഷയിൽ പങ്കെടുക്കാനുള്ള കുട്ടികളുടെ അർഹത നിശ്ചയിക്കുന്നത് ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ശരാശരി മാർക്കും ഇന്റേണൽ അസസ്മെന്റ് മാർക്കും കണക്കാക്കിയായിരിക്കണം. മുഴുവൻ പാഠഭാഗത്തുനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. മത്സരപരീക്ഷയ്ക്ക് ഉള്ള കുട്ടികളുടെ പേര് ഫെബ്രുവരി 9ന് മുമ്പായി ഇവിടെയും, അതാത് ഫൊറോനാ സെന്ററുകളിലും നൽകണം. അതിരൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ മത്സരപരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

പരീക്ഷയുടെ മാർക്ക് വിഭജനം : പാഠപുസ്തകം 70%, ബൈബിൾ 10%, സഭ 10% സമുദായം 10% എന്ന പ്രകാരമായിരിക്കും.

## ഏകദിന ശിൽപശാല നടത്തി

സീറോ മലബാർ സഭാ തലത്തിൽ 12-ാം ക്ലാസിലെ കുട്ടികൾക്ക് വേണ്ടി നടത്തപ്പെടുന്ന പ്രതിഭാസംഗമത്തിലേയ്ക്ക് നമ്മുടെ അതിരൂപതയെ പ്രതിനിധീകരിക്കേണ്ട കുട്ടികളെ തെരഞ്ഞെടുക്കുവാൻ കടുത്തുരുത്തിയിൽവച്ച് ഡിസംബർ മാസം 8-ാം തീയതി ശനിയാഴ്ച ഏകദിന ശിൽപശാല നടത്തി. ഏറ്റുമാനൂർ ഇടവകാംഗമായ റ്റോണി ജോയി മാക്കിൽ, മണ്ണൂർ ഇടവകാംഗമായ മിഷാൽ മാത്യു വള്ളക്കട എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

ഫാ. തോമസ് കൊച്ചുപുത്തൻപുരയ്ക്കൽ

# കെ. സി. വൈ. എൽ.

## സംസ്ഥാന സെനറ്റും ഇലക്ഷനും

കെ.സി.വൈ.എം. സംസ്ഥാന ഇലക്ഷനും സെനറ്റും കോട്ടയം അതിരൂപത കെ.സി.വൈ.എൽ. ന്റെ ആതിഥേയത്വത്തിൽ ജനുവരി 3,4,5,6 തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു.

# കെ.സി.സി.

## ക്നാനായ മൾട്ടി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി

ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കപ്പെട്ട ക്നാനായ മൾട്ടി സ്റ്റേററ് കോ ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവ്വഹിച്ചു. കേരളത്തിലും മഹാരാഷ്ട്രയിലുമുള്ള ഓഹരി ഉടമകളുടെ സഹകരണ മേഖലയിലെ ഒരു സംരംഭമാണിത്. തുടർന്ന് മറ്റു സംസ്ഥാനങ്ങളിലും ഇതിന്റെ ശാഖകൾ ആരംഭിക്കും. കേന്ദ്രമന്ത്രി കെ. വി. തോമസ് മുഖ്യ പ്രഭാഷണം നടത്തി. ബാങ്ക് ചെയർമാൻ ഷെവ. ജോയി കൊടിയന്ത്ര അദ്ധ്യക്ഷത വഹിച്ചു. മാർ മാത്യു മൂലക്കാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി. ജോസ് കെ. മാണി എം. പി., സുരേഷ് കുറുപ്പ് എം.എൽ.എ., തോമസ് ചാഴികാടൻ, സ്റ്റീഫൻ ജോർജ്, പ്രൊഫ. ജോയി മുപ്രാപ്പള്ളി, പ്രൊഫ. ബാബു പൂഴിക്കുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു. കെ. കെ. റോഡിലുള്ള മാക്കീൽ ബിൽഡിംഗ്സിൽ ബാങ്കിന്റെ പ്രവർത്തനം ആരംഭിച്ചു.

ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ച 2013ലെ കലണ്ടറിന്റെ വിതരണം ആരംഭിച്ചു. എല്ലാ ശാഖാപ്രസിഡന്റുമാരിൽനിന്നും കോപ്പികൾ ലഭ്യമാണ്. ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ വാർഷിക പ്രതിനിധി യോഗവും വാർഷിക സമ്മേളനവും നീണ്ടൂരിൽ നടത്തുവാൻ തീരുമാനിച്ചു.

പ്രൊഫ. ബാബു പൂഴിക്കുന്നേൽ (ജന. സെക്രട്ടറി)

## കെ.സി.ഡബ്ല്യു.എ.

### അതിരൂപതാതല മത്സരങ്ങൾ

2012 ഡിസംബർ 15-ാം തീയതി അതിരൂപതാ തലത്തിൽ കലാകായിക മത്സരങ്ങൾ ഉഴവൂർ പള്ളിയുടെ പാരിഷ് ഹാളിൽ വച്ച് രാവിലെ 10 മണി മുതൽ ആരംഭിച്ചു. അതിരൂപതാ പ്രസിഡന്റ് ഡോ. ഷൈനി സ്റ്റീഫന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ഫൊറോന വികാരി ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. ഫൊറോന ചാപ്ലയിൻ ഫാ. സണ്ണി വേങ്ങച്ചേരിൽ സന്നിഹിതനായിരുന്നു. അതിരൂപതാ ഭാരവാഹികളായ ബീനാ രാജു നീറിക്കാട്, മേരിക്കുട്ടി ചാക്കോ കൂടല്ലൂർ, പ്രൊഫ. മേരി ജോസഫ് ഉഴവൂർ എന്നിവരും ഉഴവൂർ ഫൊറോനാ ഭാരവാഹികളും, വിവിധ യൂണിറ്റുകളിലെ അംഗങ്ങളും മത്സരങ്ങൾക്ക് നേതൃത്വം നൽകി.

6 ഫൊറോനയിൽ നിന്നായി 125 ഓളം പേർ മത്സരത്തിന് എത്തിയിരുന്നു. 11 മണിയോടു കൂടി ആരംഭിച്ച് 2.30 ന് മത്സരങ്ങൾ സമാപിച്ചു. വളരെ വാശിയേറിയ മത്സരത്തിൽ കടുത്തുരുത്തി ഫൊറോന ഒന്നാം സ്ഥാനത്തും, ചുങ്കം ഫൊറോന രണ്ടാം സ്ഥാനത്തും, കൈപ്പുഴ ഫൊറോന 3-ാം സ്ഥാനത്തും എത്തി ട്രോഫിക്ക് അർഹരായി.

റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, സിസ്റ്റർ ഡോ. ദീപ, സി. ഷെറിൻ എന്നിവരായിരുന്നു ജഡ്ജസ്.

### 41-ാമത് അതിരൂപതാ വാർഷികം

2012 ഡിസംബർ മാസം 22-ാം തീയതി ഉച്ചയ്ക്ക് ചൈതന്യയിൽ വച്ച് അതിരൂപതാവാർഷികം നടന്നു. 2 മണി മുതൽ വിവിധ ഫൊറോനകളിലെ അംഗങ്ങളുടെ കലാപരിപാടികൾ നടത്തി. അതിനുശേഷം അതിരൂപതാ പ്രസിഡന്റ് ഡോ. ഷൈനി സ്റ്റീഫന്റെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം ആരംഭിച്ചു. പ്രാർത്ഥനാഗാനം, ഒരു നൃത്തശില്പമായി ചുങ്കം

ഫൊറോനാ യൂണിറ്റംഗങ്ങൾ അവതരിപ്പിച്ചു.

അതിരൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി ചാക്കോ പട്ടാറുകുഴി സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിനുശേഷം സംസ്ഥാന ആഭ്യന്തര മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. കോട്ടയം ജില്ലാ കളക്ടർ ശ്രീമതി മിനി ആന്റണി IAS മുഖ്യ പ്രഭാഷണവും KCWA അതിരൂപതാ ഡയറക്ടർ മോൺ. മാത്യു ഇളപ്പാനിക്കൽ അനുഗ്രഹപ്രഭാഷണവും നടത്തി.

KCWA അതിരൂപതാ മുൻ പ്രസിഡന്റ് പ്രൊഫ. ആലി ജോർജ്ജ് മണിമല, കെ.സി.ബി.സി. വിമൻസ് കമ്മീഷൻ സോണൽ സെക്രട്ടറി ശ്രീമതി സിൻസി പാറയിൽ, KCYL അതിരൂപതാ ജോ. സെക്രട്ടറി മിസ് ബിനിറ്റ് മാത്യു തെരുവേൽ എന്നിവർ ആശംസകളർപ്പിച്ചു.

അതിരൂപതാ സെക്രട്ടറി ശ്രീമതി ബീന രാജു നീറിക്കാട് റിപ്പോർട്ട് അവതരിപ്പിച്ചു.

രൂപതാ ട്രഷറർ പ്രൊഫ. മേരി ജോസഫ് കണക്കും അവതരിപ്പിക്കുകയുണ്ടായി. അതിരൂപതാ തലത്തിൽ നടന്ന ഫൊറോന വിലയിരുത്തലിൽ 49 പോയിന്റ് നേടി കടുത്തുരുത്തി 1-ാം സ്ഥാനത്തും, 45 പോയിന്റ് വീതം നേടി ഇടയ്ക്കാടും, ഉഴവൂരും 2-ാം സ്ഥാനത്തും, 42 പോയിന്റ് നേടി ചുങ്കം 3-ാം സ്ഥാനത്തും എത്തി. അതിരൂപതയിലെ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ച ഇടവകകളെ തിരഞ്ഞെടുത്തതിൽ എസ്. എച്ച്. മൗണ്ട് യൂണിറ്റ് 90 പോയിന്റ് നേടി 1-ാം സ്ഥാനത്തും, ഉഴവൂർ യൂണിറ്റും, പേരൂർ യൂണിറ്റും 89 പോയിന്റ് വീതം നേടി 2-ാം സ്ഥാനത്തിനും അർഹരായി.

അതിരൂപതാ തലത്തിൽ പുരാതനപ്പാട്ടിന് 1-ാം സ്ഥാനം ലഭിച്ച ഇരവിമംഗലം യൂണിറ്റിലെ അംഗങ്ങൾ അവതരിപ്പിച്ച പുരാതനപ്പാട്ടും, സംഗീതത്തിന് 2-ാം സ്ഥാനം ലഭിച്ച നീണ്ടൂർ യൂണിറ്റിലെ ശ്രീമതി സിനി ജോബി അവതരിപ്പിച്ച സംഗീതവും വാർഷികത്തിന് കൊഴുപ്പേകി. അതിരൂപതാ മത്സരങ്ങളിൽ സമ്മാനങ്ങൾ നേടിയവർക്ക് മോൺ. മാത്യു ഇളപ്പാനിക്കൽ സമ്മാനദാനം നടത്തി. അതിരൂപതാ ട്രഷറർ പ്രൊഫ. മേരി ജോസഫ് കറുകപ്പറമ്പിൽ കൃതജ്ഞത പറഞ്ഞു. ഉഴവൂർ ഫൊറോനയുടെ കരോൾ ഗാനത്തോടെ വാർഷികം സമാപിച്ചു.

ബീനാ രാജു, അതിരൂപതാ സെക്രട്ടറി

# ലീജിയൻ ഓഫ് മേരി

കോട്ടയം അതിരൂപതയിൽ ലീജിയൻ ഓഫ് മേരിയുടെ സമ്മേളനം ഡിസംബർ 19-ാം തീയതി ചൈതന്യയിൽവച്ച് നടത്തി. ബ്ര. കുര്യൻ മാളിയേക്കൽ ക്ലാസ് നയിച്ചു. 12.30 ന് ദിവ്യബലിയ്ക്കു ശേഷവും ബ്രദറിന്റെ ക്ലാസ് ഉണ്ടായിരുന്നു. വൈകുന്നേരം 4 മണിയോടുകൂടി സമ്മേളനം അവസാനിച്ചു. അതിരൂപതാ ചാപ്ലയിൻ ഫാ. ജോഷി വല്ലർകാട്ട് സ്വാഗതവും മിനി ജോസ് നന്ദിയും പറഞ്ഞു.

മോനി തോമസ്

# തിരുബാലസഖ്യം

തിരുബാലസഖ്യത്തിന്റെ അതിരൂപതാ കലാമത്സരം ജനുവരി 19-ാം തീയതി ശനിയാഴ്ച രാവിലെ 9.30 ന് ചൈതന്യയിൽ വച്ച് നടത്തപ്പെടുന്നതാണ്.

# ചെറുപുഷ്പമിഷൻലീഗ്

## തിരുസന്നിധിയിൽ - അനുഗ്രഹദായകമായി

കോട്ടയം : അതിരൂപതയിലെ എല്ലാ പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി, ചെറുപുഷ്പ മിഷൻലീഗ് കോട്ടയം അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ "തിരുസന്നിധിയിൽ" എന്ന പേരിൽ നടത്തിയ ഏകദിനദിവ്യകാരുണ്യ ആരാധന അനുഗ്രഹദായകമായി. പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാളായ ഡിസംബർ 8ന് കോട്ടയം ക്രിസ്തുരാജ നിത്യാരാധന കപ്പേളയിലാണ് ആരാധന നടത്തിയത്. രാവിലെ 9 മണിക്ക് വി. കുർബാനയോടുകൂടി പൊതു ദിവ്യകാരുണ്യ ആരാധന ആരംഭിച്ചു. തുടർന്നുള്ള ഓരോ മണിക്കൂറിലും വിവിധ ശാഖകളിൽ നിന്നും മേഖലകളിൽനിന്നുമുള്ള മിഷൻലീഗ് അംഗങ്ങളും വൈസ് ഡയറക്ടേഴ്സും ആരാധനയിൽ പങ്കെടുത്തു.

മിഷൻലീഗ് അതിരൂപതാ ഡയറക്ടർ ഫാ. ജോബി പുച്ചൂക്കണ്ടത്തിൽ, അതിരൂപതാ പ്രസിഡന്റ് സിജോയ് പറപ്പള്ളി, സെക്രട്ടറി സിജിൻ ഒഴുകയിൽ, കെ. കെ. ജയിംസ് കൊച്ചുപറമ്പിൽ, ജോബി എഴുമാമറ്റത്തിൽ, അജീഷ് കൊണ്ടാടുംപടവിൽ എന്നിവർ നേതൃത്വം നൽകി.

## ക്രിസ്മസ് ആഘോഷം കാൻസർ രോഗികൾക്കൊപ്പം

കോട്ടയം : ചെറുപുഷ്പ മിഷൻലീഗ് കോട്ടയം അതിരൂപതാ ഭാര

വാഹികൾ ഈ വർഷത്തെ ക്രിസ്മസ്, കോട്ടയം ഗാന്ധിനഗറിലുള്ള സെന്റ് ജോസഫ് ഭവനിലെ കാൻസർ രോഗികളോടൊപ്പം ആഘോഷിച്ചു.

### ശാഖാ സന്ദർശനം

അറുനൂറ്റിമംഗലം, ഇരവിമംഗലം, കല്ലറ പുത്തൻപള്ളി, കോതനല്ലൂർ, കുറുപ്പന്തറ, മേമുറി, ഞീഴൂർ, പിറവം, പൂഴിക്കോൽ, തോട്ടറ, വെള്ളൂർ, മാന്നാനം, കിടങ്ങൂർ, മണക്കാട്, മ്രാല, വടക്കുംമുറി, കാരിത്താസ്, കുമരകം എന്നീ ശാഖകളിൽ അതിരൂപതാ ഭാരവാഹികൾ ഡിസംബർ മാസത്തിൽ ശാഖാസന്ദർശനം നടത്തി.

### കുറ്റൂർ പള്ളിയിൽ മിഷൻലീഗ് പുനസ്ഥാപിച്ചു

കുറ്റൂർ : സെന്റ് മേരീസ് മലങ്കര ക്നാനായ കത്തോലിക്കാ പള്ളിയിൽ അതിരൂപതാ പ്രസിഡന്റ് സന്ദർശിക്കുകയും മിഷൻലീഗ് പുനസ്ഥാപിക്കുകയും ചെയ്തു.

സിജോയ് പറപ്പള്ളിൽ (അതിരൂപതാ പ്രസിഡന്റ്)

## മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

### തൊഴിലിന്റെ മാഹാത്മ്യം അറിഞ്ഞുകൊണ്ട് സമൂഹത്തിന് സേവനം ചെയ്യുക : മാർ മാത്യു മൂലക്കാട്ട്

തൊഴിലിന്റെ മാഹാത്മ്യം അറിഞ്ഞുകൊണ്ട് സമൂഹത്തിന് സേവനം ചെയ്യുന്ന കർഷകരെയാണ് സമൂഹത്തിന് ആവശ്യം എന്ന് കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് അഭിപ്രായപ്പെട്ടു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും കേന്ദ്ര നാളികേര വികസന ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പദ്ധതി പ്രകാരമുള്ള തെങ്ങുകയറ്റ പരിശീലന പരിപാടിയുടെ 4-ാം ബാച്ച് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. എം.എസ്.പി. സെമിനാരി റെക്ടർ ഫാ. പ്രിൻസ് മുളകുമറ്റം ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ആമുഖ പ്രഭാഷണം നടത്തി. സെന്റ് സ്റ്റനിസ്ലാവോസ് മൈനർ സെമിനാരി റെക്ടർ ഫാ. ജോസ് തേക്കുനിൽക്കുന്നതിൽ, നാളികേര വികസനബോർഡ് മാസ്റ്റർ ട്രെയ്നർ ശ്രീ. ബാബു എൻ. പി., മാസ്സ് പ്രോജക്ട്

ഓഫീസർ ജസ്റ്റിൻ ലൂക്കോസ് എന്നിവർ പ്രസംഗിച്ചു. സി. സോണിയ തോമസ്, ശ്രീ. ജിജോ വർഗീസ്, സീന, ധന്യ, കുമാരി ആഷ്‌ന എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## സൗജന്യ തയ്യൽ പരിശീലനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഉഷാ ഇന്റർനാഷണലും സംയുക്തമായി തയ്യൽ ടീച്ചേഴ്സിന് വിദഗ്ദ്ധ പരിശീലനം ആരംഭിച്ചു. 6 ദിവസം നീണ്ടു നിൽക്കുന്ന റെസിഡൻഷ്യൽ പരിശീലന പരിപാടി ശ്രീപുരം മാസ്സ് ട്രെയിനിംഗ് സെന്ററിൽ ഉഷാ ഇന്റർനാഷണൽ പ്രോജക്ട് മാനേജർ ശ്രീ. അലോക് ശുക്ല ഉദ്ഘാടനം ചെയ്തു. ഉഷാ ഇന്റർനാഷണൽ ജില്ലാ ഓഫീസർ ശ്രീ. ജയകൃഷ്ണൻ നമ്പ്യാർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ പദ്ധതി വിശദീകരണം നടത്തി. മാസ്റ്റർ ട്രെയിനർ ശ്രീമതി ബിന്ദു കെ.എം., മാസ്സ് പ്രോജക്ട് ഓഫീസർ ജസ്റ്റിൻ ലൂക്കോസ് എന്നിവർ ആശംസകൾ അർപ്പിച്ചു. പദ്ധതിപ്രകാരം 20 തയ്യൽ സ്കൂളുകൾ കണ്ണൂർ ജില്ലയിൽ തുടങ്ങുമെന്ന് മാസ്സ് ഡയറക്ടർ അറിയിച്ചു.

## സൗജന്യ തയ്യൽ മിഷ്യൻ വിതരണം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഉഷ ഇന്റർനാഷണലിന്റെ സഹായത്തോടുകൂടി 20 തയ്യൽമിഷ്യനുകൾ സൗജന്യമായി വിതരണം ചെയ്തു. മാസ്സിന്റെ ട്രെയിനിംഗ് സെന്ററിൽ 6 ദിവസമായി നടന്നു വന്ന റെസിഡൻഷ്യൽ തൈയ്യൽ പരിശീലന ക്യാമ്പിന്റെ സമാപന സമ്മേളനത്തിൽ വച്ച് കോട്ടയം അതിരൂപതയുടെ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ വിതരണ ഉദ്ഘാടനം നടത്തി. ബി. പി. റാവൂഫ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ആമുഖ പ്രഭാഷണം നടത്തി. ഉഷ ഇന്റർനാഷണൽ ജില്ലാ ഓഫീസർ ജയകൃഷ്ണൻ നമ്പ്യാർ, മാസ്റ്റർ ട്രെയിനർ അന്നക്കുട്ടി കെ.എം. എന്നിവർ ആശംസകൾ നേർന്നു. മാസ്സ് പ്രോഗ്രാം ഓഫീസർ ജസ്റ്റിൻ ലൂക്കോസ് പരിപാടികൾക്ക് നേതൃത്വം നൽകി. മാസ്സ് - ഉഷ ഇന്റർനാഷണലുമായി സമ്പകരിച്ച് നടന്ന ഉഷ സിലായ സ്കൂൾ പദ്ധതിയുടെ ഭാഗമായാണ് ഈ വിദഗ്ദ്ധ തയ്യൽ പരിശീലനം നടന്നത്. പ്രസ്തുത പദ്ധതിയിലൂടെ 200 വനിതകളെ തയ്യൽ തൊഴിലാളികളാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

## കുടുംബസംഗമവും ധനസഹായ വിതരണവും

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി, മലബാർ മേഖലയിൽ നടപ്പിലാക്കുന്ന സേവ് എ ഫാമിലി പ്ലാൻ ഗുണഭോക്താക്കളുടെ കുടുംബസംഗമത്തിന്റെ ഉദ്ഘാടനവും, സ്വയം തൊഴിൽ പദ്ധതി ധനസഹായ വിതരണവും ശ്രീപുരം മാസ്സ് ട്രെയിനിംഗ് സെന്ററിൽ ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി എം.എൽ.എ. നിർവ്വഹിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശേരി അദ്ധ്യക്ഷത വഹിച്ചു. കണ്ണൂർ മുൻസിപ്പൽ ചെയർപേഴ്സൻ ശ്രീമതി എം. സി. ശ്രീജ, പിന്നോക്ക വികസന കോർപ്പറേഷൻ കണ്ണൂർ മാനേജർ ശ്രീ. രാധാകൃഷ്ണൻ, മാസ്സ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, ബി. പി. റൗഫ്, മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം യു.പി., പ്രോജക്ട് ഓഫീസർ ജസ്റ്റിൻ ലൂക്കോസ് എന്നിവർ പ്രസംഗിച്ചു. സേവ് എ ഫാമിലി പദ്ധതിയുടെ സ്ഥിരഗുണഭോക്താക്കൾക്കുള്ള സ്വയംതൊഴിൽ സഹായ ധനവിതരണം ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി എം.എൽ.എ. നിർവ്വഹിച്ചു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം കണ്ണൂർ മുൻസിപ്പൽ ചെയർപേഴ്സൺ എം. സി. ശ്രീജയും, പദ്ധതിപ്രകാരമുള്ള സൗജന്യ തെങ്ങുകയറ്റ യന്ത്രത്തിന്റെ വിതരണം കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശേരിയും, ചങ്ങാതിക്കൂട്ടം പദ്ധതിയുടെ ഭാഗമായി നടത്തിയ കോക്കനട്ട് ഒളിംപിക്സ് വിജയികൾക്കുള്ള കാഷ് അവാർഡ് പിന്നോക്ക വികസന ബോർഡ് കണ്ണൂർ ജില്ലാ മാനേജർ ശ്രീ. പി. രാധാകൃഷ്ണനും വിതരണം ചെയ്തു. കുടുംബസംഗമത്തിന് മുന്നോടിയായി കുടുംബശാക്തീകരണ സെമിനാർ സൊസൈറ്റി പ്രോഗ്രാം മാനേജർ ശ്രീ. അബ്രാഹം യു. പി. നയിച്ചു.

## ആനിമേറ്റേഴ്സ് സംഗമം

മാസ്സിന്റെ വിവിധ യൂണിറ്റുകളിൽ സേവനം ചെയ്യുന്ന ആനിമേറ്റേഴ്സ് സംഗമം ശ്രീപുരം ട്രെയിനിംഗ് സെന്ററിൽ നടന്നു. മാസ്സ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ സംഗമം ഉദ്ഘാടനം ചെയ്തു. മാസ്സ് സെന്റർ സ്റ്റാഫ് അംഗങ്ങളായ അബ്രാഹം യു.പി., ജസ്റ്റിൻ, ആഷ്ന എന്നിവർ ക്ലാസെടുത്തു. ആനിമേറ്റേഴ്സ് യൂണിറ്റ് റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

## സംരംഭകത്വ വികസന സെമിനാർ

മാസ്സ് പിന്നോക്ക വികസന കോർപ്പറേഷന്റെ സഹകരണത്തോടെ ശ്രീപുരം ട്രെയിനിംഗ് സെന്ററിൽ സംരംഭകത്വ വികസന സെമിനാർ സംഘടിപ്പിച്ചു. പിന്നോക്ക വികസന കോർപ്പറേഷൻ ജില്ലാ മാനേജർ പി. രാധാകൃഷ്ണൻ സെമിനാർ ഉദ്ഘാടനം ചെയ്തു. മാസ്സ് സ്റ്റാഫ് അംഗങ്ങളായ അബ്രാഹം യു. പി., ജസ്റ്റിൻ ലൂക്കോസ് എന്നിവർ സെമിനാർ നയിച്ചു.

## കമ്മ്യൂണിറ്റി സീഡ് ബാങ്ക് ഉദ്ഘാടനവും വരുമാന പദ്ധതിയുടെ സഹായ വിതരണവും

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി സീഡ് ബാങ്ക് ഉദ്ഘാടനം വയനാട് നബാർഡ് ഡിസ്ട്രിക്ട് ഡെവലപ്മെന്റ് മാനേജർ സജികുമാർ എൻ.എസ്. നിർവ്വഹിച്ചു. തരുവണ അക്കാദമിയിൽ വച്ചു നടന്ന ഉദ്ഘാടന സമ്മേളനത്തിൽ വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എ. ആലിഹാജി അദ്ധ്യക്ഷൻ ആയിരുന്നു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ആമുഖപ്രഭാഷണം നടത്തി. വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് മെമ്പർമാരായ പി. മുഹമ്മദ്, ടി. കെ. മമ്മൂട്ടി, സി. മമ്മു ഹാജി, പി. പി. ജോർജ്ജ്, കെ. കുഞ്ഞിരാമൻ എന്നിവരും നബാർഡ് നീർത്തട വികസന കമ്മിറ്റി ചെയർമാൻമാരായ മംഗലശ്ശേരി മാധവൻ മാസ്റ്റർ, പി. ജെ. വിൻസെന്റ് തുടങ്ങിയവരും പ്രസംഗിച്ചു. മാസ്സ് പ്രോജക്ട് ഓഫീസർ ജിജോ, പാലക്കതടത്തിൽ പദ്ധതി വിശദീകരണം നടത്തി. നബാർഡ് വാട്ടർഷെഡ് പരിപാടി പ്രകാരം അനുവദിച്ചിട്ടുള്ള വരുമാന വർദ്ധക പദ്ധതിയുടെ 6 ലക്ഷം രൂപയുടെ ചെക്കു വിതരണം നബാർഡ് ഡി.ഡി.എം. നിർവ്വഹിച്ചു. പരമ്പരാഗത നെൽ വിത്തുകളെ സംരക്ഷിക്കുക, വിത്തിനങ്ങൾ കൃഷിക്കാർക്ക് സുലഭ്യമാക്കുക, നെൽകൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് കമ്മ്യൂണിറ്റി സീഡ് ബാങ്കിന്റെ ലക്ഷ്യങ്ങൾ എന്ന് ഫാ. സുനിൽ ആമുഖപ്രഭാഷണത്തിൽ പറഞ്ഞു. മാസ്സ് പ്രോഗ്രാം മാനേജർ യു. പി. അബ്രഹാം നന്ദി പ്രകാശിപ്പിച്ചു.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം 3-ാം ബാച്ച്

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും നാളികേര വികസന ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി' പ്രകാരമുള്ള പുതിയ ബാച്ച് തെങ്ങുകയറ്റ പരിശീലനം

ശ്രീപുരം മാസ്സ് ട്രെയിനിംഗ് സെന്ററിൽ ആരംഭിച്ചു. കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിയിൽ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ശ്രീമതി ടൈനി സൂസൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മാസ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ പദ്ധതി വിശദീകരണം നടത്തി. നാളികേര വികസന ബോർഡ് മാസ്റ്റർ ട്രെയിനർ ബാബു പി.എം., മാസ്സ് പ്രോജക്ട് ഓഫീസർ ജസ്റ്റിൻ ലൂക്കോസ് എന്നിവർ ആശംസ അർപ്പിച്ചു.

## ക്ഷയരോഗ ബോധവൽക്കരണം

മാസ്സ് കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇൻഡ്യയുമായി സഹകരിച്ച് പ്രവർത്തന മേഖലയിൽ ക്ഷയരോഗ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. കൂടാതെ ക്ഷയരോഗ ലക്ഷണങ്ങൾ കാണിക്കുന്നവർക്ക് ആവശ്യമായ കൗൺസിലിംഗ് നൽകി ചികിത്സാ സംവിധാനങ്ങൾ ചെയ്തു കൊടുത്തു. അബ്രാഹം യു.പി., ജസ്റ്റിൻ ലൂക്കോസ്, ബിന്ദു ജോയ് എന്നിവർ വിവിധ സ്ഥലങ്ങളിൽ ക്ലാസുകൾ എടുത്തു.

## കരോൾ ഗാന മത്സരം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്വാശ്രയ സംഘാംഗങ്ങൾക്കായി ക്രിസ്തുമസ്സ് ആഘോഷത്തിന്റെ ഭാഗമായി വയനാട് മേഖലയിൽ പാവന പാസ്റ്ററൽ സെന്ററിൽ വച്ച് കരോൾ ഗാനമത്സരം സംഘടിപ്പിച്ചു. കരോൾ ഗാന മത്സരത്തിൽ പെരിക്കല്ലൂർ യൂണിറ്റ് ഒന്നാം സ്ഥാനവും, പുതുശ്ശേരി യൂണിറ്റ് രണ്ടാം സ്ഥാനവും, കാപ്പിസെറ്റ് യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു. പ്രോഗ്രാമിന് സി. ലിസ്ബി, മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം യു. പി., മേഖലാ കോർഡിനേറ്റേഴ്സ്, ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

## സാരി പെയിന്റിംഗ്

മാസ്സ്, നബാർഡിന്റെ സഹകരണത്തോടെ വയനാട് മേഖലയിൽ സാരി പെയിന്റിംഗ് പരിശീലനം നടത്തി. പെരിക്കല്ലൂർ സെന്റ് തോമസ് പാരിഷ് ഹാളിൽ വച്ച് നടന്ന പരിശീലനത്തിൽ വയനാട് മേഖലയിലെ 20 വനിതകൾ പരിശീലനം പൂർത്തിയാക്കി. പരിശീലക ശ്രീമതി ഷീബ സുരേഷ്, മാസ്സ് ആനിമേറ്റേഴ്സ് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

## സ്വാശ്രയ സംഗമം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കണ്ടകശ്ശേരിയിൽ പ്രവർത്തിക്കുന്ന വനിത സ്വാശ്രയസംഘം അംഗങ്ങളുടെ സംഗമം പയ്യാവൂർ സെന്റ് സെബാസ്റ്റ്യൻസ് പാരിഷ്ഹാളിൽ വച്ച് നടന്നു. രക്ഷാധികാരി ഫാ. റെജി കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനം കുടുംബത്തിനും സമൂഹത്തിനും നന്മ ഉണ്ടാക്കുന്ന തരത്തിലാകണമെന്നും വളരുന്ന മുറയ്ക്ക് അമ്മമാരുടെ വിവിധങ്ങളായ നല്ല പ്രവർത്തനങ്ങൾ മാതൃകയാവണമെന്നും അച്ചൻ അദ്ധ്യക്ഷപ്രസംഗത്തിൽ പറയുകയുണ്ടായി. സംഗമത്തിൽ മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പുള്ളിൽ സ്വാശ്രയസംഘപ്രവർത്തനം സമൂഹനന്മയ്ക്ക് എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. ആനിമേറ്റർ ശ്രീമതി അലീസ സ്വാഗതവും ശ്രീമതി സിന്ധു ഷാജു നന്ദിയും പറഞ്ഞു. പ്രോഗ്രാമിൽ കോ-ഓർഡിനേറ്റർ ബിന്ദു ജോയി ഗ്രൂപ്പ് ലീഡേഴ്സിന് നേതൃത്വം നൽകി. 150 വനിതകൾ പങ്കെടുത്തു.

ഫാ. സുനിൽ പെരുമാനൂർ (സെക്രട്ടറി)

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ഡിസംബർ**

1 - 3 അബുദാബിയിൽ നടന്ന ക്നാനായ ഫാമിലി കൂട്ടായ്മയിൽ സംബന്ധിച്ചു.

5 യാക്കോബായ സഭയുമായി നടന്ന പൊന്തിഫിക്കൽ കമ്മീഷൻ ഫോർ ക്രിസ്റ്റ്യൻ യൂണിറ്റിയുടെ ഡയലോഗിൽ പങ്കെടുത്തു.

6 - 7 ഓർത്തഡോക്സ് സഭയുമായി നടന്ന പൊന്തിഫിക്കൽ കമ്മീഷൻ ഫോർ ക്രിസ്റ്റ്യൻ യൂണിറ്റിയുടെ ഡയലോഗിൽ പങ്കെടുത്തു.

8 പരി. മറിയത്തിന്റെ അമലോത്ഭവതിരുനാൾ കുർബാന കത്തീഡ്രൽ പള്ളിയിൽ അർപ്പിച്ചു

- ഉഴവൂർ പള്ളിയിൽ നടന്ന പരി. കുർബ്ബാനയുടെ പ്രദക്ഷിണത്തിൽ സംബന്ധിച്ചു.

- തിരുവല്ലയിൽ കർദിനാൾ മാർ ക്ലിമീസിന് നൽകിയ സ്വീകരണ ചടങ്ങിൽ പങ്കെടുത്തു.

9 ഒളശ്ശ പള്ളിയുടെ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുത്തു പരി. കുർബാനയർപ്പിച്ചു.

10 മാങ്കുഴി ഇടവക വല്ലർകാട്ടിൽ തോമസിന്റെ (കൊച്ച്) മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

11 കാക്കനാട്ടു നടന്ന പെർമനന്റ് സിനഡിൽ പങ്കെടുത്തു.

11 – 13 പി.ഒ.സി.യിലെ കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു.

14 കാക്കനാട് കൂടിയ ക്രിസ്ത്യൻ ബിഷപ്സ് മീറ്റിംഗിൽ സംബന്ധിച്ചു.

15 കാക്കനാട് നടന്ന ലിറ്റർജി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

15 – 16 ഡൽഹിയിൽ നടന്ന ക്നാനായ സംഗമത്തിൽ പങ്കെടുത്തു.

18 ചൈതന്യയിൽ നടന്ന അതിരൂപതാ വൈദികരുടെ ദ്വൈമാസ ധ്യാനത്തിൽ സംബന്ധിച്ചു.

19 ചൈതന്യയിൽ കൂടിയ കമ്മീഷൻ അംഗങ്ങളുടെയും പാരിഷ് കൗൺസിൽ പ്രതിനിധികളുടെയും മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

20 പാലത്തുരുത്ത് ഇടവകാംഗം സി. ഫ്ളോറൻസ് എസ്.വി.എം. ന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

– ഭരണങ്ങാനം കൺവൻഷനിൽ പരി. കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി.

– കാരിത്താസ് ആശുപത്രിയുടെ ക്രിസ്മസ് ആഘോഷങ്ങൾ ഉത്ഘാടനം ചെയ്തു,

21 കൈപ്പുഴ സെന്റ് ജോർജ് പള്ളിയിൽ പരി. കുർബാനയർപ്പിച്ചു. ഷോപ്പിംഗ് കോംപ്ലക്സ് വെഞ്ചരിച്ചു.

– ക്നാനായ ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉദ്ഘാടന സമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

– കോട്ടയം എക്യുമെനിക്കൽ ക്രിസ്മസ് ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

22 ചമതച്ചാൽ ഇടവക പാറ്റ്യാൽ ബഹു. ബേബിയച്ചന്റെ പൗരോഹിത്യരജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

23 പയ്യാവൂർ സെന്റ് ആൻസ് പള്ളിയിൽ പരി. കുർബാനയർപ്പിച്ചു.

- മേഴ്സി ഹോസ്പിറ്റലിൽ പുതുതായി തുടങ്ങിയ ഓർത്തോ സർജിക്കൽ സെക്ഷൻ വെഞ്ചരിച്ചു.

25 ക്രിസ്തുമസ് കുർബാന കത്തീഡ്രൽ പള്ളിയിൽ അർപ്പിച്ചു കർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിച്ചു.

26 CEFAK ഉപഭോക്താക്കളുടെ മീറ്റിംഗ് ചൈതന്യയിൽ ഉദ്ഘാടനം ചെയ്തു.

- വിശ്വാസവർഷ റിസോഴ്സ് ടീമിന്റെ ട്രെയിനിംഗ് പ്രോഗ്രാം ചൈതന്യയിൽ ഉദ്ഘാടനം ചെയ്തു.

- വെളിയനാട് ഇടവക ഡീ. ജസ്റ്റിൻ കാരക്കാടിന് തിരുപ്പട്ടം നൽകി.

27 കുറുമുള്ളൂർ ഇടവക ഡീ. ജോസഫ് കാഞ്ഞിരത്തുംമൂട്ടിലിന് തിരുപ്പട്ടം നൽകി.

- പിറവം ഇടവക ചക്കാലയ്ക്കൽ ബഹു. ജോസച്ചന്റെ പൗരോഹിത്യരജതജൂബിലി കുർബാനയിൽ സന്ദേശം നൽകി.

28 OSB സമൂഹത്തിന്റെ പാഴുത്തുരുത്ത് നിർമ്മിക്കപ്പെട്ട മരിയാമല ആശ്രമം വെഞ്ചരിച്ചു. OSB സമൂഹത്തിലെ 6 ഡീക്കന്മാരുടെ തിരുപ്പട്ടം നൽകൽ ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

29 എസ്. എച്ച്. മൗണ്ട് ഇടവക ഡീ. മാത്യു പുത്തൻപറമ്പിൽ OSH ന് തിരുപ്പട്ടം നൽകി.

- വെള്ളൂർ തിരുക്കുടുംബം ഇടവകയിൽ നവീകരിച്ച മദ്ബഹാ വെഞ്ചരിച്ചു.

30 പിറവം കൺവെൻഷനിൽ പരി. കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി.

31 ഇരവിമംഗലം ഇടവക ഡീ. ജോസഫ് ചിറപ്പുറത്തിന് തിരുപ്പട്ടം നൽകി.

- കട്ടച്ചിറ ഇടവക കന്നുവെട്ടിയേൽ മറിയത്തിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു.

**2013 ജനുവരി**

2 രാമമംഗലം സെന്റ് തോമസ് ഇടവക ഡീ. ബേസിൽ മാണിപ്പറമ്പിലിന് തിരുപ്പട്ടം നൽകി.

# Engagements

## Mar Mathew Moolakkatt

**January 2013**

| | |
|---|---|
| 3 | Ordination of Dn. Peter (Joice) Nandikunnel at Thellithodu. |
| 4 | KCYM Senate meeting at Chaithanya |
| 5 | Holy Qurbana on the silver Jubilee of the Death Anniversary of Fr. Mathew Cherussery at Kumarakom |
| 6 | Holy Qurbana with the new priests at Christ the King Cathedral |
| 7 - 11 | Syro Malabar Synod at Kakkanad |
| 12 - 13 | Pastoral visit at Cherukara |
| 13 | Distribution of BCM Football trophy at Kaduthuruthy |
| 15 | Chaithanya Commission's meeting |
| 17 | Teacher's meeting at Chaithanya |
| 18 | Reception to Mar Jacob Murickan at St. Michael's School Kaduthuruthy |
| 19 | Inauguration of Bible class at Chunkom |
| 20 | Holy Qurbana and the blessing of the newly built images of Prophet Jonah at Kaduthuruthy |
| 21 | Holy Qurbana and the blessing of the vault at Koodalloor |
| 22 | Golden Jubilee of the priestly ordination of Fr Cyriac Appozhiparambil at Memury |
| 25 | Laying of the foundation stone for the indoor stadium at Karimkunnam |
| 26 | Holy Qurbana at Edacatt on the death anniversary of Mar Mathew Makil |
| 27 | Koodarayoga Varshikam at Kaipuzha |
| - | Blessing of the newly built church at Areekkara |
| 31 | Blessing of the Rectory at Rajapuram |

**February 2013**

2 Rededication of the Altar at Mrala.

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഡിസംബർ 2012**

8. ഒളശ്ശ ഇടവകയുടെ ശതാബ്ദി സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

9. ബി. സി. എം. കോളേജിലെ MSW വിഭാഗത്തിലെ സെമിനാർ ഉദ്ഘാടനം ചെയ്തു.

11 – 13 പി.ഒ.സി.യിൽ നടന്ന കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

15. ശ്രീകണ്ഠാപുരം YMCA യുടെ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

16. അലക്സ് നഗറിൽ പുതുതായി പണിയുന്ന പള്ളിയുടെ ശിലാസ്ഥാപനം നടത്തി.

18 – 19 മലബാർ റീജിയണിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

20 ശ്രീപുരം നേഴ്സറിയുടെ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി.

21 കണ്ണൂർ ദീപിക യൂണിറ്റിലെ ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി.

– ശ്രീപുരം ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി.

22 സൗത്ത് കാനറയിലെ കഡബ ക്നാനായ ജ്യോതി സ്കൂളിന്റെ രജത ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു.

24 മണക്കാട് പള്ളിയിലെ നവീകരിച്ച അൾത്താരയുടെ പുനപ്രതിഷ്ഠ നടത്തി.

25 ഏറ്റുമാനൂർ പള്ളിയിലെ ക്രിസ്മസ് തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

26 ചൈതന്യയിൽ വച്ചു നടത്തിയ ശതാബ്ദി വിദ്യാഭ്യാസ ഫണ്ടിലെ കുട്ടികളുടെ മീറ്റിംഗിൽ പങ്കെടുത്തു.

- ചൈതന്യയിൽ വച്ചു നടത്തിയ വിശ്വാസവർഷം റീസോഴ്സ് ടീമിന്റെ പരിശീലനത്തിൽ പങ്കെടുത്തു.

27 മംഗലംഡാം പള്ളിയിൽവച്ച് ഡീക്കൻ കുര്യൻ കളരിക്കൽ OSH ന് പുരോഹിതപട്ടം നൽകി.

28 വാരപ്പെട്ടിപ്പള്ളിയിൽവച്ച് ഡീക്കൻ സനീഷ് കയ്യാലക്കകത്തിന് പുരോഹിതപട്ടം നൽകി.

- കടുത്തുരുത്തി മരിയമലയിലെ OSB ആശ്രമത്തിന്റെ വെഞ്ചരിപ്പിലും തുടർന്ന് OSB ഡീക്കന്മാർക്ക് പൗരോഹിതപ്പട്ടം നൽകിയ തിരുക്കർമ്മങ്ങളിലും സഹകാർമ്മികത്വം വഹിച്ചു.

29 പയസ്നഗർ പള്ളിയിൽ വച്ച് ഡീക്കൻ ബിജു ഒറ്റക്കുന്നേൽ SJ യ്ക്ക് പുരോഹിതപട്ടം നൽകി.

30 പോത്തുകുഴി പള്ളിയിൽ വച്ച് ഡീക്കൻ ബിജു ജസ്റ്റിൻ പീഠത്തട്ടേൽ SDB യ്ക്ക് പുരോഹിതപട്ടം നൽകി.

31 പയസ് നഗർ പള്ളിയിൽവച്ച് ഡീക്കൻ ജിനു ആവണിക്കുന്നേലിന് പുരോഹിതപട്ടം നൽകി.

**ജനുവരി 2013**

1 അയറോഡ് പള്ളിയിൽവച്ച് ഡീക്കൺ ജോബിൻ പ്ലാച്ചേരിപ്പുറത്തിലിന് പുരോഹിതപട്ടം നൽകി.

2 അട്ടപ്പാടി പള്ളിയിൽവച്ച് ഡീക്കൻ ജിൻസൺ കൊട്ടിയാനിക്കൽ OSH ന് പുരോഹിതപട്ടം നൽകി.

3 മൈക്കിൾഗിരി പള്ളിയിൽ വച്ച് ഡീക്കൻ അനീഷ് പുതുശ്ശേരി OSH ന് പുരോഹിതപട്ടം നൽകി.

- 4,5,6 ചൈതന്യയിൽ വച്ചു നടത്തിയ KCYM സെനറ്റ് മീറ്റിംഗിൽ പങ്കെടുത്തു.

# Engagements

## Mar Joseph Pandarasseril

**January 2013**

7 - 11 Synod at Mount St. Thomas
12 Anniversary of Mar Makil Public School at Kaipuzha
17 Ordination of Dn. Johnson Onasseril OSFS at Kallar
- Anniversary of St. Anne's School Kottody
19 Anniversary of SEMS Sreepuram
21 Mar Mathew Makil Symposium at Edakat
22 Purathunamaskaram at Kaduthuruthy
26 - 27 Holy Mass at Goa
29 Teachers seminar at Bar Mariam

**February 2013**

1 Holy mass at Padamughom
2 First communion at Kaipuzha

# അഭി. കുന്നശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഡിസംബർ 2012**

8. നീണ്ടൂർ ഇടവക മണ്ണാർകാട്ടിൽ പരേതനായ മത്തായിക്കുവേണ്ടി കാരിത്താസ് മോർച്ചറിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.
28. വല്ലംബ്രോസിയൻ ബനഡിക്ടൈൻ സന്യാസ സമൂഹത്തിലെ 6 ഡീക്കന്മാരുടെ പൗരോഹിത്യ സ്വീകരണത്തിൽ സംബന്ധിച്ചു.
31. കട്ടച്ചിറ ഇടവക കന്നുവെട്ടിയേൽ പരേതയായ മറിയത്തിനുവേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

# വചനദർശനം

## ദനഹാ രണ്ടാം ഞായർ

**ജനുവരി 13** **(യോഹ 1:14-18)**

രണ്ട് സുവിശേഷകന്മാർ മത്തായിയും ലൂക്കായും യേശുവിന്റെ ബാല്യകാല ചരിത്രങ്ങൾ വിവരിച്ചുകൊണ്ട് സുവിശേഷം തുടങ്ങുമ്പോൾ യോഹന്നാൻ ദൈവിക പരിജ്ഞാനത്തെക്കുറിച്ച് ക്രൈസ്തവരുടെയിടയിൽ പ്രചരിച്ചിരുന്ന ഒരു ഗീതത്തെ യോഹന്നാൻ ഉപയോഗപ്പെടുത്തുകയും ഈശോയെ മനസ്സിലാക്കാൻ സഹായകരമാംവിധം അതിനെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഇതാണ് യോഹന്നാന്റെ സുവിശേഷാമുഖം. ഈ സുവിശേഷാമുഖത്തിന്റെ അവസാന ഭാഗമാണ് നാം ഇന്ന് ധ്യാനിക്കുന്നത്.

പഴയ നിയമ പുസ്തകം പ്രവചനങ്ങളുടെ പുസ്തകമാണ്. രക്ഷയെക്കുറിച്ചും രക്ഷകനെക്കുറിച്ചും അനവധി പ്രവചനങ്ങൾ പഴയ നിയമ താളുകളിൽ കാണാൻ സാധിക്കും. ഈ പഴയനിയമ പ്രവചനങ്ങളേയും പ്രവാചകന്മാരെയും പുതിയ നിയമവുമായി ബന്ധിപ്പിക്കുന്ന പ്രവാചക കണ്ണിയാണ് വി. സ്നാപക യോഹന്നാൻ. (ദനഹാതിരുനാൾ കഴിഞ്ഞു വരുന്ന വെള്ളിയാഴ്ച ആയിരുന്നല്ലോ സ്നാപകന്റെ തിരുനാൾ) പുതിയ നിയമത്തിലെ ഏക പഴയ നിയമശബ്ദം എന്ന് വേണമെങ്കിൽ സ്നാപകനെ വിശേഷിപ്പിക്കാം.

ദൈവത്തെ ആർക്കും ഒരിക്കലും കാണാൻ പറ്റിയിട്ടില്ല. ആരെങ്കിലും ദൈവത്തെ കണ്ടാൽ അവൻ / അവൾ മരിക്കും എന്നു പറയുന്ന ഒരു യഹൂദപാരമ്പര്യത്തിന്റെ പശ്ചാത്തലത്തിലാണ് യോഹന്നാൻ വിളിച്ചുപറയുന്നത് 'ഏകജാതനായ ക്രിസ്തു അവിടുത്തെ വെളിപ്പെടുത്തി' എന്ന്. ദൈവത്തെ കാണുക എന്നുള്ള നൂറ്റാണ്ടുകളായുള്ള മനുഷ്യന്റെ ആഗ്രഹം ഇതാ സ്നാപകയോഹന്നാൻ വളരെ ലളിതമായി പറഞ്ഞു തരുന്നു - ദൈവത്തെ കാണണോ, ഇതാ എന്റെ പിന്നാലെ ഒരുവൻ വരുന്നു, അവൻ ദൈവത്തെ വെളിപ്പെടുത്തുന്നു. ഈ പ്രസ്താവനവഴി ലോകം മുഴുവന്റേയും ശ്രദ്ധ യേശുവിലേയ്ക്കായി. അങ്ങനെ സ്നാപകന്റെ ലക്ഷ്യം പൂർത്തിയാകാൻ തുടങ്ങി.

## ദനഹാ മൂന്നാം ഞായർ

**ജനുവരി 20** **(യോഹ 1:29-34)**

19-28 വരെ വാക്യങ്ങൾ യോഹന്നാൻ ആരല്ലെന്നു സമർഥിക്കുമ്പോൾ 29-34 വരെ വാക്യങ്ങൾ ഈശോ ആരെന്നു സമർത്ഥിക്കുന്നു. ഈ ദിവസങ്ങളിലെല്ലാം സ്നാപക യോഹന്നാനെക്കുറിച്ച് ധാരാളം നാം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നു. സ്നാപകന്റെ മഹത്വം എന്ന് പറയുന്നത് - "ഞാൻ ക്രിസ്തുവല്ല" എന്ന് പറയാനുള്ള വലിയ മനസ്സിന് ഉടമയായിരുന്നു എന്നതാണ്. ആൾദൈവങ്ങളുടെ ഈ കാലഘട്ടത്തിൽ യോഹന്നാൻ ഏറ്റവും നല്ല ധ്യാനചിന്ത തന്നെയാണ്. നാടകങ്ങളിൽ രംഗം ജനങ്ങൾക്ക് പരിചയപ്പെടുത്തുവാൻ ഒരാൾ വരും. എന്തായിരിക്കും സംഭവിക്കാൻ പോകുന്നത് എന്നതിന്റെ ഒരു ആമുഖം അവതരിപ്പിക്കും. അതിനുശേഷം അരങ്ങ് ഉപേക്ഷിക്കും. രക്ഷാകരചരിത്രത്തിന്റെ അരങ്ങിൽ കെട്ടിയാടാൻ വന്ന ഒരു നായക കഥാപാത്രം ആയിരുന്നില്ല സ്നാപകൻ. മറിച്ച് ഇവന്റെ വേഷം നായകന്റെ കൂട്ടുകാരൻ, ബന്ധു, ജ്യേഷ്ഠൻ, സഹായി എന്നിങ്ങനെ പോകുന്നു. അതുകൊണ്ട് സഹനടനുള്ള ഈ വർഷത്തേയും അവാർഡ് സ്നാപകന് തന്നെ.

സ്നാപകൻ ഈശോയെ "ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നാണ് വിശേഷിപ്പിക്കുന്നത്. പാപപരിഹാര ബലിയെക്കുറിച്ചുള്ള സൂചനകൾ ഇവിടം മുതൽ തുടങ്ങുന്നു. ജനങ്ങളുടെ പാപങ്ങൾ എല്ലാം ഒരു കുഞ്ഞാടിൽ ആരോപിക്കുകയും അതിനെ കൊല്ലുകയും (മലയിൽ ഉപേക്ഷിക്കുന്നു) ചെയ്യുന്ന യഹൂദപാരമ്പര്യത്തിൽ ഊന്നി നിന്ന് സ്നാപകൻ പറയുന്നു - ഇവനാണ് ഇനി ലോകത്തിന്റെ പാപങ്ങൾ വഹിക്കുന്ന കുഞ്ഞാട്. നാളെ മരിക്കാൻ പോകുന്ന ഈ കുഞ്ഞാടിന് വഴിയൊരുക്കുകയാണ് യോഹന്നാൻ. യോഹന്നാന്റെ ഈ വഴിയൊരുക്കലിലൂടെ അദ്ദേഹം രക്ഷാകര ചരിത്രത്തിൽ സ്ഥാനം പിടിക്കുന്നു. യേശുനാഥന്റെ കാൽവരി മലയിലെ ബലിയിലൂടെയും ഉത്ഥാനത്തിലൂടെയും മനുഷ്യൻ രക്ഷിക്കപ്പെട്ടെങ്കിൽ അതിനുള്ള വഴി ഒരുക്കിയത് സ്നാപകനാണ്. അതുകൊണ്ട് ഇങ്ങനെയും പറയാം - സ്നാപക യോഹന്നാൻ ഒരുക്കിയ വഴിയിലൂടെ ക്രിസ്തു മനുഷ്യകുലത്തിന് രക്ഷ നൽകി.

ഫാ. സൈജു പുത്തൻപറമ്പിൽ